നം.കെഎസ്എ.-കെ.ടി.എം.പി13-195/2019 തീയതി : 20/02/2019

## കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

*(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13,*
*1996 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)*

കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 27.06.2017 മുതൽ 31.12.2018 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക് എന്നിവയും വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 11 ഓഡിറ്റ് അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 13.02.2019-ൽ നടന്ന ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്വവുമില്ല.

### (എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ ഷൈജു എസ്., ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 01.02.2019 മുതൽ 13.02.2019 വരെ |

| | | |
|---|---|---|
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീമതി അനിതാകുമാരി കെ. എ. | ഓഡിറ്റ് ഓഫീസർ |
| | ശ്രീമതി കൊച്ചുമോൾ എം. | അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ |
| | ശ്രീ ബാബുരാജ് കെ. ബി. | ഓഡിറ്റർ(ഹ.ഗ്രേ.) |
| | ശ്രീ ശിവരാജ് പി. | ഓഡിറ്റർ |

<u>(ബി) നിർവഹണാധികാരികൾ</u>

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| പ്രസിഡൻറ് | ശ്രീമതി ലിസി എബ്രഹാം | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) | സെബാസ്റ്റ്യൻ ജോൺ | 01.04.2017 മുതൽ 11.12.2017 വരെ |
| ചെയർപേഴ്സൺ (വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) | റെനി ജയൻ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി) | റ്റീനാ മാളിയേക്കൽ | 01.04.2017 മുതൽ 31.03.2018 വരെ |
| ചെയർപേഴ്സൺ (ആരോഗ്യവും വിദ്യാഭ്യാസവും സ്റ്റാന്റിംഗ് കമ്മിറ്റി) | ഷിജി ജോമോൻ പറപ്പള്ളിൽ | 01.04.2017 മുതൽ 31.03.2018 വരെ |
| സെക്രട്ടറി | ശ്രീ ബിനു ജോൺ | 01.04.2017 മുതൽ 19.06.2017 വരെ |

| | | |
|---|---|---|
| | ശ്രീകുമാർ എസ്. കൈമൾ | 20.06.2017 മുതൽ 31.03.2018 വരെ |

(സി) മറ്റ് നിർവഹണോദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ബിനി ഫിലിപ്പ് | 01.04.2017 മുതൽ 29.10.2017 വരെ |
| | ബാബുരാജ് ജി. | 30.10.2017 മുതൽ 31.03.2018 വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ. കെ.എം. വിജിമോൾ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – സി.എച്ച്.സി. | ഡോ. സിജി വർഗ്ഗീസ് | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ – ആയുർവേദം | ഡോ. സിസി മൈക്കിൾ | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ –ഹോമിയോ | ഡോ. ഗീത ഡി. | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-1 | ബാബുരാജ് സി. പി. | 01.04.2017 മുതൽ 31.03.2018 വരെ |
| വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ-2 | ജെസ്സിൽ എ. എച്ച്. | 01.04.2017 മുതൽ 31.03.2018 വരെ |
| ഐ.സി.ഡി.എസ്. സൂപ്പർവൈസർ | ആരിഫ | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനീയർ(LSGD) | ദീപ കൃഷ്ണൻകുട്ടി | 01.04.2017 മുതൽ 31.03.2018 വരെ |

| | | |
|---|---|---|
| ഹെഡ്മിസ്ട്രസ് | ലീലാമ്മ ജോസഫ് | 01.04.2017 മുതൽ 31.03.2018 വരെ |
| ക്ഷീരവികസന ഓഫീസർ | പി. എസ്. ഉദയകല | 01.04.2017 മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് സെക്രട്ടറി | മനോജ് ചന്ദ്രൻ | 01.04.2017 മുതൽ 30.10.2017 വരെ |
| | സോണി സി. ഹരിബാൽ | 31.10.2017 മുതൽ 31.03.2018 വരെ |

(ഡി) ഉള്ളടക്കം


| ഖണ്ഡിക-നം. | വിഷയം |
|---|---|
| ഭാഗം 1 -- പൊതു അവലോകനം | |
| 1-1 | ബജറ്റ് – വിശകലനം |
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം – വിശകലനം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തൊഴിലുറപ്പ് പദ്ധതി – അവലോകനം |
| 1-8 | സാമൂഹ്യക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് പരിശോധന |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം |
| 1-12 | വാർഷിക കണക്കുകളുടെ അവലോകനം |
| ഭാഗം 2 -- വരവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |

| | |
|---|---|
| 2-1-1 | മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത |
| 2-1-2 | വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവർ പ്രവർത്തിക്കുന്നു |
| 2-2 | വസ്തുനികുതി തുക കണക്കാക്കിയതിൽ അപാകത |
| 2-3 | കെട്ടിട നിർമ്മാണം-റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി |
| 2-4 | ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല |
| 2-5 | ഡി&ഒ ട്രേഡ് ലൈസൻസ് |
| 2-6 | ഇ-ടെൻഡർ നടത്തിയ പ്രോജക്ടുകളുടെ ടെന്റർ ഫീ പഞ്ചായത്തിന് ലഭ്യമായിട്ടില്ല |
| ഭാഗം 3 -- ചെലവുകണക്കുകളിന്മേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ | |
| 3-1 | മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല |
| 3-2 | വിമുക്തി-ലഹരി വിരുദ്ധ പ്രചാരണ പരിപാടി-തനത് ഫണ്ടിൽ നിന്നും നല്കിയ മുൻകൂർ തിരികെ ലഭിച്ചിട്ടില്ല |
| 3-3 | സ്വകാര്യ വ്യക്തിയുടെ ഭൂമിയിലെ മരം മുറിച്ചുമാറ്റുന്നതിനായി ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടില്ല |
| 3-4 | മാലിന്യനിർമ്മാർജ്ജനം - സി സി ടി വി ക്യാമറകളുടെ പ്രവർത്തനം ഭാഗികം |
| 3-5 | ക്രിമറ്റോറിയം നിർമ്മാണം - സമഗ്രപദ്ധതി നടപ്പാക്കാൻ സാധിച്ചില്ല |
| 3-6 | ബസ് സ്റ്റാന്റിന് കോടതി ഉത്തരവ് പ്രകാരം തുക നൽകൽ-ആദായനികുതി ഈടാക്കിയിട്ടില്ല |
| 3-7 | ബാരൽ വില ഈടാക്കിയിട്ടില്ല |
| 3-8 | കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിയ്ക്ക് വിദ്യാഭ്യാസധനസഹായം |

| | |
|---|---|
| 3-9 | പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം മാതൃകാപരം |
| 3-10 | വൃദ്ധജനങ്ങൾക്കുള്ള പോഷണസപ്ലിമെന്റ് പദ്ധതി - വിതരണവിവരങ്ങൾ ലഭ്യമല്ല |
| ഭാഗം 4 -- പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4-1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം |
| 4-2 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ |
| 4-3 | മൊബിലൈസേഷൻ അഡ്വാൻസ് |
| 4-4 | വായ്പ/വായ്പ തിരിച്ചടവ് |
| 4-5 | സ്ഥിരനിക്ഷേപങ്ങൾ |
| 4-6 | ഓഡിറ്റ് റിക്കവറി |
| 4-7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |
| 4-8 | ചാർജ്/സർചാർജ് നടപടികളുടെ വിവരം |
| 4-9 | ഓഡിറ്റ് പ്രത്യവലോകനം |
| 4-10 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ |
| അനുബന്ധം-1 | ഓഡിറ്റ് സാക്ഷ്യപത്രം 2017-18 |
| അനുബന്ധം-2 | ബാലൻസ് ഷീറ്റ് - 31.03.2018 തീയതിയിൽ |
| അനുബന്ധം-3 | ഇൻകം ആന്റ് എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് 2017-18 |
| അനുബന്ധം-4 | റസീപ്റ്റ് ആന്റ് പെയ്മെന്റ് സ്റ്റേറ്റ്മെന്റ് 2017-18 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ് - വിശകലനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് പഞ്ചായത്ത് ഭരണസമിതിയുടെ 27.03.2017 തിയതിയിലെ 1-ാം നം. തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവുചെലവ് വിവരവും ധനകാര്യ പത്രിക റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള യഥാർത്ഥ കണക്കുകളും തമ്മിലുള്ള

താരതമ്യം ചുവടെ ചേർക്കുന്നു.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | ബജറ്റിൽ നിന്നുള്ള വ്യതിയാനം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 10,953,908/- | 10,095,108/- | - | 858,800/- |
| വരവ് | 130,617,000/- | 64,485,500/- | - | 66,131,500/- |
| ആകെ | 141,570,908/- | 74,580,608/- | - | 66,990,300/- |
| ചെലവ് | 129,969,000/- | 57,998,919/- | - | 71,970,081/- |
| നീക്കിയിരിപ്പ് | 11,601,908/- | 16,581,689/- | 4,979,781/- | - |

2017-18 വർഷം 13.06 കോടി രൂപയുടെ പ്രതീക്ഷിത വരുമാനവും 12.99 കോടി പ്രതീക്ഷിത ചെലവും കണക്കാക്കിയാണ് ബജറ്റ് തയ്യാറാക്കിയത്. 2017-18 ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം (ബി-ഫണ്ട്, പഞ്ചായത്തിന് ക്യാഷ് വരവില്ലാതെ നേരിട്ട് ഗുണഭോക്താക്കൾക്ക് നൽകുന്ന തുകയുൾപ്പടെ) വരുമാനം 8.18 കോടി രൂപയും ചെലവ് 8.41 കോടി രൂപയുമാണ്. ബജറ്റിൽ കണക്കാക്കിയ പ്രതീക്ഷിത വരവ്-ചെലവ് തുകകൾ യഥാർത്ഥ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ വ്യതിയാനം 65 ശതമാനത്തോളമാണ് എന്ന് വ്യക്തമാകുന്നു. ബജറ്റ് തയ്യാറാക്കുന്നതിന് 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ-214 പ്രകാരമുള്ള എല്ലാ നടപടിക്രമങ്ങളും പാലിക്കേണ്ടതാണ്. മുൻവർഷങ്ങളിലെ യഥാർത്ഥ കണക്കുകളെ ആധാരമാക്കി തുടർവർഷത്തെ പ്രതീക്ഷിത വരവ്-ചെലവ് കണക്കുകൾ കൃത്യമായി തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യ പത്രിക

തദ്ദേശ ഭരണ സ്ഥാപനങ്ങളുടെ 2017-18 ധനകാര്യ പത്രിക 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 9(1)-ാം വകുപ്പ് പ്രകാരം ഓഡിറ്റിന് ലഭ്യമാക്കേണ്ട അവസാന തീയതി 31.07.2018 ആണ്. കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രിക പഞ്ചായത്ത് ഭരണസമിതി 15.05.2018-ലെ XIX നം. തീരുമാന പ്രകാരം അംഗീകരിച്ച് മേൽപറഞ്ഞ സമയപരിധിക്കുള്ളിൽ എയിംസ്(Audit Information Management System) സോഫ്റ്റ്‌വെയർ മുഖേന ഓൺലൈനായും പഞ്ചായത്ത് സെക്രട്ടറിയുടെ 25.06.2018 ലെ എ3.2315/18 നം. കത്ത് പ്രകാരം 27.06.2018 തീയതിയിൽ തപാലിലും സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കിയിരുന്നു.

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട് സർട്ടിഫിക്കേഷനും 27.06.2018, 28.06.2018 തീയതികളിൽ നടത്തി. അക്കൗണ്ട് സർട്ടിഫിക്കേഷൻ റിപ്പോർട്ടും ഓഡിറ്റ് സാക്ഷ്യപത്രവും 29.06.2018-ലെ കെ.എസ്.എ.-കെ.ടി.എം.പി13-1253/2018 പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. വാർഷിക കണക്കുകളിലെ അപാകതകൾ ഖണ്ഡിക 1-12 ൽ പരാമർശിച്ചിട്ടുണ്ട്. ഓഡിറ്റ് സാക്ഷ്യപത്രം അനുബന്ധം-1 ആയി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ റസീപ്റ്റ് & പേയ്മെന്റ് പത്രിക പ്രകാരമുള്ള മുന്നിരിപ്പ്, വരവ് ചെലവുകൾ, നീക്കിയിരിപ്പ് എന്നീ കണക്കുകളുടെ സംക്ഷിപ്തം താഴെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 10095108.98 |
| വരവ് | 64,485,500/- |
| ആകെ | 74580608.98 |
| ചെലവ് | 57,998,919/- |
| നീക്കിയിരിപ്പ് | 16581689.98 |

## 1-5 ഫണ്ട് വിനിയോഗം - വിശകലനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തിലെ വിവിധയിനം സർക്കാർ ഗ്രാന്റുകളുടെയും മറ്റ് പ്രത്യേക ഉദ്ദേശ്യ ഗ്രാന്റുകളുടെയും വിനിമയം വാർഷിക ധനകാര്യ പത്രിക, അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ(ACR) എന്നിവ പ്രകാരമുള്ളത് ക്രോഡീകരിച്ച് ചുവടെ ചേർക്കുന്നു.

| ഫണ്ടിനം | മുന്നിരിപ്പ് | വരവ്/ അലോട്ട്മെന്റ് | ആകെ | ചെലവ് | നീക്കിയിരിപ്പ് | ചെലവ് % |
|---|---|---|---|---|---|---|
| വികസനഫണ്ട് – പൊതുവിഭാഗം | 0 | 11,417,000/- | 11,417,000/- | 10,366,773/- | 1,050,227/- | 90.80 |
| വികസനഫണ്ട് – എസ്.സി.പി. | 0 | 2,751,319/- | 2,751,319/- | 2,354,073/- | 397,246/- | 85.56 |

| | | | | | | |
|---|---|---|---|---|---|---|
| വികസനഫണ്ട് – ടി.എസ്.പി. | 0 | 177,969/- | 177,969/- | 15,164/- | 162,805/- | 8.52 |
| സംരക്ഷണഗ്രാന്റ് – റോഡ് | 0 | 8,054,103/- | 8,054,103/- | 7,681,189/- | 372,914/- | 95.37 |
| സംരക്ഷണഗ്രാന്റ് – നോൺറോഡ് | 0 | 3,510,466/- | 3,510,466/- | 3,494,299/- | 16,167/- | 99.45 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 6,797,311/- | 6,797,311/- | 6,688,252/- | 109,059/- | 98.30 |
| പെർഫോമൻസ് ഗ്രാന്റ് | 0 | 1,803,823/- | 1,803,823/- | 1,464,293/- | 339,530/- | 81.17 |
| തൊഴിലുറപ്പ് പദ്ധതി(MNREGS) | 1,437/- | 478,311/- | 479,748/- | 477,815/- | 1,933/- | 99.60 |
| സമ്പൂർണ്ണ ശുചിത്വ പരിപാടി(TSC) | 114,000/- | 0 | 114,000/- | 0 | 114,000/- | - |
| ഐ.സി.ഡി.എസ്.(ICDS) | 40,186/- | 403,006/- | 443,192/- | 146,183/- | 297,009/- | - |
| യുവ ക്രീഡ ഖേൽ അഭിയാൻ(PYCA) | 63,652/- | 2,371/- | 66,023/- | 0 | 66,023/- | - |
| രാഷ്ട്രീയ മാധ്യമിക് ശിക്ഷ അഭിയാൻ (RMSA) | 0 | 5,264/- | 5,264/- | 5,264/- | 0 | 100 |
| സാക്ഷരത ഗ്രാന്റ് | 4,527/- | 80/- | 4,607/- | 2,529/- | 2,078/- | - |
| വെള്ളപ്പൊക്ക നിവാരണ ഗ്രാന്റ് | 198,961/- | 0 | 198,961/- | 187,699/- | 11,262/- | - |
| ഖരമാലിന്യ സംസ്കരണ ഗ്രാന്റ് | 214,786/- | 0 | 214,786/- | 0 | 214,786/- | - |
| ശുചിത്വ മിഷൻ ഗ്രാന്റ് | 132,000/- | 2,137,404/- | 2,269,404/- | 384,000/- | 1,885,404/- | - |
| കേരളോൽസവം | 0 | 15,000/- | 15,000/- | 15,000/- | 0 | 100 |

| | | | | | | |
|---|---|---|---|---|---|---|
| ഗ്രാന്റ് | | | | | | |
| നബാർഡ് ധനസഹായം | 0 | 1,224,000/- | 1,224,000/- | 0 | 1,224,000/- | - |
| സംയുക്ത പ്രോജക്റ്റ് (ജില്ല പഞ്ചായത്ത് വിഹിതം) | 9,889/- | 1,015,000/- | 1,024,889/- | 200,800/- | 824,089/- | - |
| ബി-ഫണ്ട് | 0 | 27,866,020/- | 27,866,020/- | 27,866,020/- | 0 | 100 |

വികസന ഫണ്ട്, സംരക്ഷണ ഗ്രാന്റ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്, പെർഫോമൻസ് ഗ്രാന്റ് എന്നീ ഇനങ്ങളുടെ സഞ്ചിത നിധിയിൽ ലഭ്യമായ അലോട്ട്മെന്റും അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ചെലവ് ശതമാനവുമാണ് ഉൾപ്പെടുത്തിയിരിക്കുന്നത്. തൻവർഷം ലഭിച്ച ജനറൽ പർപ്പസ് ഫണ്ട് 77.78 ലക്ഷം രൂപയാണ്. ടി തുകയുടെ വിനിമയം ട്രഷറി ടി.എസ്.ബി. അക്കൗണ്ടിലൂടെയാണ് നടത്തുന്നത്.

## 1-6 പദ്ധതി അവലോകനം

ഗ്രാമപ്പഞ്ചായത്തിന്റെ 2017-18 വാർഷികപദ്ധതിയ്ക്ക് ജില്ലാ ആസൂത്രണ സമിതിയുടെ 31.3.2018 ലെ ഉത്തരവ് നം. 490/17/DPC/DPO/KTM പ്രകാരം അംഗീകാരം ലഭിച്ചിട്ടുണ്ട്. പദ്ധതിരൂപീകരണത്തിന്റെ വിവിധ ഘട്ടങ്ങൾ ചുവടെ ചേർക്കുന്നു.

| | |
|---|---|
| പദ്ധതിരൂപീകരണ ഗ്രാമസഭകൾ | 8.4.17 മുതൽ 22.4.17വരെ |
| ഭിന്നശേഷി ഗ്രാമസഭ | 21.4.17 |
| വികസനസെമിനാർ | 18.5.17 |

വാർഷികപദ്ധതിയുടെ ആകെ അടങ്കൽ 7,22,55,071 രൂപയും ആകെ ചെലവ് 3,63,76,467രൂപയുമാണ്. ചെലവുശതമാനം 50%. അംഗീകാരം ലഭിച്ച 214 പ്രോജക്ടുകളിൽ 167 എണ്ണം നടപ്പാക്കിയിട്ടുണ്ട്

| ക്രമ നം. | നിർവ്വഹണോദ്യോഗസ്ഥർ | ഏൽപ്പിച്ച പദ്ധതി കളുടെ എണ്ണം | നിർവ്വഹിച്ചപദ്ധതി കളുടെ എണ്ണം | അടങ്കൽ | ചെലവ് | ശതമാനം |
|---|---|---|---|---|---|---|
| 1. | കൃഷി ഓഫീസർ | 4 | 4 | 2,755,100/- | 1,009,900/- | 36.66 |
| 2. | വെറ്ററിനറി സർജൻ | 6 | 6 | 3,549,000/- | 2,299,000/- | 64.78 |

| | | | | | | |
|---|---|---|---|---|---|---|
| 3. | മെഡിക്കൽ ഓഫീസർ -PHC | 5 | 5 | 1,055,602/- | 854,627/- | 80.96 |
| 4. | മെഡിക്കൽ ഓഫീസർ-ഹോമിയോ | 1 | 1 | 150,000/- | 150,000/- | 100 |
| 5. | മെഡിക്കൽ ഓഫീസർ-ആയുർവേദം | 1 | 1 | 500,000/- | 500,000/- | 100 |
| 6. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 5 | 4 | 2,904,500/- | 2,020,300/- | 69.56 |
| 7. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 6 | 6 | 3,683,055/- | 3,106,812/- | 84.35 |
| 8. | ഡയറി എക്സ്റ്റെൻഷൻ ഓഫീസർ | 1 | 1 | 300,000/- | 300,000/- | 100 |
| 9. | സെക്രട്ടറി, ഗ്രാമപഞ്ചായത്ത് | 32 | 25 | 10,851,771/- | 6,353,265/- | 58.55 |
| 8. | ഹെഡ്മാസ്റ്റർ, ഗവ. എൽ.പി.എസ്. | 13 | 13 | 2,118,616/- | 2,086,041/- | 98.46 |
| 9. | വില്ലേജ് എക്സ്റ്റെൻഷൻ ഓഫീസർ | 4 | 3 | 3,088,000/- | 1,638,000/- | 53.04 |
| 10. | അസിസ്റ്റന്റ് എഞ്ചിനീയർ | 132 | 95 | 41,091,927/- | 15,913,767/- | 38.73 |
| 11. | അസിസ്റ്റന്റ് സെക്രട്ടറി | 4 | 3 | 207,500/- | 144,755/- | 69.76 |
| ആകെ | | 214 | 167 | 72,255,071/- | 36,376,467/- | 50.34 |

2017-18 കാലയളവിലെ വിഭവസമാഹരണം, ഫണ്ട് വിനിയോഗം, പ്രോജക്ടുകളുടെ തിരഞ്ഞെടുക്കൽ, നടത്തിപ്പ്, പൂർത്തീകരണം എന്നിവ പരിശോധിച്ചതിൽ പ്രോജക്ടുകൾ എല്ലാ മേഖലകളിലും നടപ്പാക്കിയിട്ടുണ്ടെങ്കിലും സമഗ്രവികസനം എന്ന കാഴ്ചപ്പാട് പുലർത്താൻ സാധിച്ചിട്ടില്ലെന്ന് കാണുന്നു. പതിവു പ്രോജക്ടുകൾ എന്നതിലുപരി മാതൃകാപരമായതോ, എടുത്തുപറയത്തക്കതായതോ ആയ പ്രോജക്ടുകൾ ഒന്നും നടപ്പാക്കിയിട്ടില്ല. അനിവാര്യചുമതലയിൽപ്പെട്ട മാലിന്യനിർമ്മാർജ്ജനത്തിന് സി സി ടി വി ക്യാമറ സ്ഥാപിച്ചതുൾപ്പടെ പ്രോജക്ടുകൾ നടപ്പാക്കിയെങ്കിലും ഭൗതികലക്ഷ്യം കൈവരിക്കുന്നതിൽ പൂർണ്ണമായും വിജയിച്ചിട്ടില്ല. വാർഡ് അടിസ്ഥാനത്തിലുള്ള വിഭജനത്തിനു വേണ്ടി

ഗുണഭോക്താക്കാളുടെ എണ്ണം കൂട്ടി തുക പരിമിതപ്പെടുത്തി നൽകിയ ഭവനപുനരുദ്ധാരണ പ്രോജക്ടുകൾ ലക്ഷ്യം കൈവരിച്ചിട്ടില്ല. കേവലം 20000 രൂപയിലൊതുങ്ങുന്ന നിസ്സാര അറ്റകുറ്റപ്പണികൾ ഭവനം വാസയോഗ്യമാക്കുന്നതിന് മതിയാകുന്നതല്ലെന്ന് ഫയൽ പരിശോധനയിൽ വ്യക്തമാകുന്നു. വാർഡ് അടിസ്ഥാനത്തിലുള്ള വിഭജനത്തിലുപരി പഞ്ചായത്തിനെ ഒറ്റയൂണിറ്റായിക്കണ്ട് പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ഇക്കാര്യത്തിൽ ഭരണസമിതിയും സ്റ്റാന്റിംഗ് കമ്മിറ്റികളും പ്രത്യേക ശ്രദ്ധ ചെലുത്തേണ്ടതാണ്.

നിർവ്വഹണോദ്യോഗസ്ഥർ നടപ്പാക്കുന്ന പ്രോജക്ടുകൾക്കു മേൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികളുടെ സമയോചിതമായ മേൽനോട്ടവും നിരീക്ഷണവും ഉണ്ടായതായി കാണുന്നില്ല. സി എച്ച് സി മെഡിക്കൽ ഓഫീസർ നടപ്പാക്കിയ ക്യാൻസർ രോഗനിർണ്ണയക്യാമ്പ്, വൃദ്ധർക്ക് പോഷകാഹാരവിതരണം തുടങ്ങിയ പ്രോജക്ടുകളുടെ നിർവ്വഹണം, ഫലപ്രാപ്തി എന്നിവ വിലയിരുത്തുന്നതിനാവശ്യമായ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിലും നടത്തിപ്പിലും ആരോഗ്യവിദ്യാഭ്യാസ സ്റ്റാന്റിംഗ് കമ്മിറ്റി സജീവമായ ഇടപെടൽ നടത്തിയിട്ടില്ലെന്ന് കാണുന്നു. സ്റ്റാന്റിംഗ് കമ്മിറ്റികളുടെ അധികാരപരിധിയിൽപ്പെട്ട വിഷയമേഖലകളിൽ നടപ്പാക്കുന്ന പ്രോജക്ടുകളുടെ നിർവ്വഹണവും തുടർനിരീക്ഷണവും ബന്ധപ്പെട്ട സ്റ്റാന്റിംഗ്കമ്മിറ്റി തലത്തിൽ നടത്തപ്പെടേണ്ടതാണ്.

<u>വാർഷിക പദ്ധതി ഫണ്ട് തിരിച്ചുള്ള വകയിരുത്തൽ- ചെലവ് വിവരങ്ങൾ</u>

| ക്രമ നം. | ഫണ്ടിനം | വകയിരുത്തൽ | ചെലവ് | ശതമാനം |
|---|---|---|---|---|
| 1. | വികസനഫണ്ട് (ജനറൽ) | 11,733,982/- | 10,366,773/- | 88.35 |
| 2. | വികസനഫണ്ട് (എസ്.സി.പി) | 2,820,250/- | 2,354,073/- | 83.47 |
| 3. | വികസനഫണ്ട് (ടി.എസ്.പി.) | 78,000/- | 15,164/- | 19.44 |
| 4. | കേന്ദ്ര ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 8,764,784/- | 6,688,252/- | 76.31 |
| 5. | ലോകബാങ്ക് സഹായം | 1,576,775/- | 1,464,293/- | 92.87 |
| 6. | കേന്ദ്രാവിഷ്കൃത ഫണ്ട് | 2,580,604/- | 146,183/- | 5.66 |
| 7. | സംസ്ഥാനാവിഷ്കൃത ഫണ്ട് | 4,891,160/- | 0 | - |
| 8. | തനത് ഫണ്ട് | 8,662,008/- | 2,726,007/- | 31.47 |
| 9. | മറ്റ് ഗ്രാമപഞ്ചായത്ത് വിഹിതം | 491,150/- | 0 | - |

| | | | | |
|---|---|---|---|---|
| 10. | ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 1,897,000/- | 750,800/- | 39.58 |
| 11. | ജില്ലാ പഞ്ചായത്ത് വിഹിതം | 1,015,000/- | 200,000/- | 19.70 |
| 12. | മെയിന്റനൻസ് ഗ്രാന്റ് റോഡ് | 10,975,578/- | 7,681,189/- | 69.98 |
| 13. | മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 4,728,280/- | 3,494,299/- | 73.90 |
| 14. | മറ്റുള്ളവ | 12,040,500/- | 489,434/- | 4.06 |
| ആകെ | | 72,255,071/- | 36,376,467/- | 50.34 |

<u>പദ്ധതി നിർവ്വഹണം - നിർവ്വഹണോദ്യോഗസ്ഥരെ നിശ്ചയിച്ചതിൽ സർക്കാർ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല</u>

പദ്ധതിമാർഗ്ഗരേഖ പ്രകാരം ഭവനനിർമ്മാണം/ഭവനപുനരുദ്ധാരണം ഒഴികെ എസ്‌സിപി/ടിഎസ്പി വിഭാഗത്തിൽ നടപ്പാക്കുന്ന മുഴുവൻ പ്രോജക്ടുകളുടെയും നിർവ്വഹണോദ്യോഗസ്ഥൻ അസി. സെക്രട്ടറിയാണ്. എന്നാൽ 2017-18വർഷം മേല്പറഞ്ഞ പ്രോജക്ടുകൾ നടപ്പാക്കിയത് സ്കൂൾ ഹെഡ്മിസ്ട്രസാണ്. സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പാക്കിയ 13 പ്രോജക്ടുകളിൽ 7 എണ്ണം മാർഗ്ഗരേഖാ നിർദ്ദേശ പ്രകാരം അസി.സെക്രട്ടറി നടപ്പാക്കേണ്ടതാണ്. ബാലസഭാവിഹിതം സിഡിഎസിന് കൈമാറിയതുൾപ്പടെ കേവലം 3 പ്രോജക്ടുകളാണ് അസി.സെക്രട്ടറി നടപ്പാക്കിയത്. നിർവ്വഹണോദ്യോഗസ്ഥരെ നിശ്ചയിക്കുന്നതിൽ സർക്കാർ നിർദ്ദേശങ്ങൾ കൃത്യമായി പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

<u>വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമല്ല</u>

പദ്ധതി ആസൂത്രണത്തിനായി 12 വിഷയ മേഖലകളിലായി 12 വർക്കിംഗ് ഗ്രൂപ്പുകൾ രൂപീകരിച്ചിട്ടുണ്ട്. ഓരോ വിഷയ മേഖലയിലും സ്റ്റാറ്റസ് റിപ്പോർട്ടുകളുടെയും മുൻഗണനാക്രമത്തിന്റെയും അടിസ്ഥാനത്തിൽ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കേണ്ടത് വർക്കിംഗ് ഗ്രൂപ്പുകളാണ്. വർക്കിംഗ് ഗ്രൂപ്പുകൾ നിരന്തരം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതുമാണ്. എന്നാൽ പഞ്ചായത്തിൽ വർക്കിംഗ് ഗ്രൂപ്പുകളുടെ പ്രവർത്തനം കാര്യക്ഷമമായിരുന്നില്ലെന്ന് ഇവയുടെ മിനിറ്റ്സ് പരിശോധിച്ചതിൽ നിന്ന് വ്യക്തമാണ്. പദ്ധതി രൂപീകരണത്തിൽ ക്രിയാത്മകമായ നിർദ്ദേശങ്ങൾ സമർപ്പിക്കാൻ വർക്കിംഗ് ഗ്രൂപ്പുകൾക്ക് കഴിഞ്ഞിട്ടില്ല.

<u>മോണിറ്ററിംഗ് ഫലപ്രദമായിരുന്നില്ല</u>

അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്ന പ്രോജക്ടുകൾ ഫലപ്രദമായി മോണിറ്റർ ചെയ്യേണ്ടതും മോണിറ്ററിംഗ് റിപ്പോർട്ട് തയ്യാറാക്കി യഥാസമയം നിർവ്വഹണോദ്യോഗസ്ഥനും ഭരണസമിതിയ്ക്കും നൽകേണ്ടതും വർക്കിംഗ് ഗ്രൂപ്പുകളാണ്. എന്നാൽ ഇപ്രകാരമുള്ള മോണിറ്ററിംഗ് റിപ്പോർട്ട്

പ്രോജക്ടുകളോടൊപ്പം സൂക്ഷിച്ചിട്ടില്ല. പ്രോജക്ടുകളുടെ നിർവ്വഹണത്തിൽ മേൽനോട്ട സംവിധാനം ഫലപ്രദമായിരുന്നില്ലെന്ന് ഇതു സൂചിപ്പിക്കുന്നു. ഇക്കാര്യം ഭരണസമിതിയുടെയും സ്റ്റാന്റിംഗ് കമ്മിറ്റികളുടെയും ശ്രദ്ധയിൽപ്പെടുത്തുന്നു.

## 1-7 തൊഴിലുറപ്പ് പദ്ധതി - അവലോകനം

തൊഴിലുറപ്പ് പദ്ധതിയുടെ 2017-18 വർഷത്തെ ലേബർ ഗ്രാമസഭ ഗ്രാമപഞ്ചായത്തിലെ 15 വാർഡുകളിലെ തൊഴിലാളികളെ ഉൾപ്പെടുത്തി 15 ലേബർ ഗ്രാമസഭകൾ കൂടുകയും ലേബർ ബജറ്റ് തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. 2017-18 സാങ്കേതിക അനുമതി ലഭിച്ച 66 പ്രോജക്ടുകളിൽ 51 എണ്ണവും തൻവർഷം നടപ്പിലാക്കി. 2017-18 വർഷം 20724 തൊഴിൽദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു. 548 കുടുംബങ്ങൾ പദ്ധതിയുമായി സഹകരിച്ചു. തരിശുഭൂമി കൃഷിയോഗ്യമാക്കൽ, മഴക്കുഴി നിർമ്മാണം, ഫലവൃക്ഷത്തൈ നഴ്സറി നിർമ്മാണം, കിണർ-കുളങ്ങൾ നിർമ്മാണം, പരമ്പരാഗത ജലസ്രോതസ്സുകളുടെ പുനരുദ്ധാരണം എന്നീ പ്രോജക്ടുകളാണ് ഏറ്റെടുത്ത് നടപ്പാക്കിയത്. MNREGS ക്യാഷ്ബുക്ക് പ്രകാരമുള്ള 2017-18 വരവ്-ചെലവ് കണക്കുകളുടെ സംക്ഷിപ്തം ചുവടെ ചേർക്കുന്നു.

| | |
|---|---|
| മുന്നിരിപ്പ് | 1,437/- |
| വരവ് | 8,487,493/- |
| ആകെ | 8,488,930/- |
| ചെലവ് | 8,486,997/- |
| നീക്കിയിരിപ്പ് | 1,933/- |

ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ പഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

## 1-8 സാമൂഹ്യക്ഷേമ പദ്ധതികൾ

2017-18 വർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ ഇനം തിരിച്ചുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ഗുണഭോക്താക്കളുടെ എണ്ണം | ചെലവഴിച്ച തുക(രൂപ) |
|---|---|---|
| തൊഴിൽരഹിത വേതനം | 11 | 6,120/- |
| കർഷകതൊഴിലാളി പെൻഷൻ | 176 | 1,783,100/- |
| വിധവാപെൻഷൻ | 467 | 5,351,300/- |

| | | |
|---|---|---|
| വാർദ്ധക്യകാലപെൻഷൻ | 1451 | 17,434,600/- |
| വികലാംഗപെൻഷൻ | 242 | 2,845,300/- |
| 50വയസ്സിനുമേൽ പ്രായമായ അവിവാഹിതർക്കുള്ള പെൻഷൻ | 41 | 325,600/- |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹ ധനസഹായം | 4 | 120,000/- |
| ആകെ ബി-ഫണ്ട് | 27,866,020/- രൂപ | |

# 1-9 ക്യാഷ് പരിശോധന

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഓഡിറ്റിന്റെ ഭാഗമായി 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 08.02.2019 തീയതിയിൽ 02:47 PM-ന് പഞ്ചായത്ത് അക്കൗണ്ടന്റിന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പ്രസ്തുത പരിശോധനയിൽ 25,664/- രൂപ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഓഫീസ് ഉത്തരവുകൾ പ്രകാരമാണ് നടപ്പുവർഷത്തിൽ ഓഫീസ് പ്രവർത്തനം നിയന്ത്രിച്ചിരുന്നത്. ഗ്രാമപഞ്ചായത്തിലെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് സാമാന്യം തൃപ്തികരമാണ്. വാങ്ങിയ സാധനങ്ങളുടെ കൃത്യമായ എണ്ണം, വിതരണ വിവരം മുതലായവ സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തുവരുന്നു. അക്കൗണ്ടിങ്ങിൽ Narration നൽകുന്നതിലെ അപാകതകൾ മൂലം ഇടപാടുകളുടെ വിശദാംശം മനസ്സിലാക്കുന്നതിന് സാധിക്കാതെ വരുന്നു. ഏതാനും ഇനങ്ങൾ തെറ്റായ ശീർഷകങ്ങളിൽ അക്കൗണ്ട് ചെയ്യപ്പെട്ടതായും കാണുന്നു. കുടിശിക വരവുകൾ ഈടാക്കുന്നതിന് പഞ്ചായത്ത് നടപടികൾ സ്വീകരിച്ചുവരുന്നു.

പ്രൊക്യൂർമെന്റ് കമ്മറ്റിയുടെ നിരീക്ഷണത്തിലും അംഗീകാരത്തോടുംകൂടിയ പ്രോക്യൂർമെന്റ് മാനുവൽ അനുസരിച്ചുള്ള പ്രവൃത്തികളും വാങ്ങലുകളും നടത്തി വരുന്നു. ജീവനക്കാരെ സംബന്ധിക്കുന്ന എല്ലാ രേഖകളും കൃത്യമായി സൂക്ഷിക്കുന്നു. സ്ഥാപന സോഫ്റ്റ്‌വെയർ വഴി രേഖപ്പെടുത്തിയുള്ള Payroll നിയന്ത്രണം നിലവിലുണ്ട്. ആസ്തി രജിസ്റ്റർ കാലികമായി തയ്യാറാക്കി സൂക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് നം./ റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 16.01.2019 | 12/2018 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 28.03.2016 മുതൽ 13.04.2016 വരെ | 2011-12 മുതൽ 2015-16 വരെ | LBA(HQ) 8A-2976/22 Dated- 12.05.2016 |

## 1-12 വാർഷിക കണക്കുകളുടെ അവലോകനം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ധനകാര്യ പത്രികയുടെ ഭാഗമായ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരമുള്ള ആകെ വരുമാനം 81,838,314/- രൂപയും ചെലവ് 84,122,805/- രൂപയും തൻവർഷ പ്രവർത്തന നഷ്ടം (Gross Deficit) 2,284,491/- രൂപയാണ്. 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള ആകെ ആസ്തിമൂല്യം 41809428.98 രൂപയും ആകെ ബാധ്യതകളുടെ മൂല്യം (ജനറൽ ഫണ്ട് ഒഴികെ) 22712977.45 രൂപയുമാണ്. പ്രസ്തുത തീയതിയിലെ ഗ്രാമപഞ്ചായത്തിന്റെ ആകെ ജനറൽ ഫണ്ട് 19096451.53 രൂപയായി കണക്കാക്കപ്പെട്ടിട്ടുണ്ട്. മേൽവിവരിച്ച പ്രകാരമുള്ള ധനകാര്യ പത്രികയിൽ നിലനിൽക്കുന്ന പ്രധാന ന്യൂനതകളുടെ വിശദാംശം താഴെ ചേർക്കുന്നു. 2017-18 വാർഷിക കണക്കുകളുടെ പരിശോധനയും അക്കൗണ്ട്സ് സർട്ടിഫിക്കേഷനും നടത്തി 29.6.2018-ലെ കെഎസ്എകെഡിഎം പി13/1253/18 പ്രകാരം റിപ്പോർട്ട് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത റിപ്പോർട്ടിൽ ഉൾപ്പെട്ടിരുന്നതിൽ പരിഹരിക്കപ്പെട്ട അപാകതകൾ ഒഴിവാക്കി, വിശദമായ ഓഡിറ്റിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. 26.07.2011-ലെ ജി.ഒ.(എം.എസ്) 152/11/എൽ.എസ്.ജി.ഡി. യിലെ നിർദേശം പാലിച്ച് ഗ്രാമപഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ്

നടത്തിയിട്ടില്ല. ആസ്തി രജിസ്റ്റർ കാലികമാക്കി സൂക്ഷിച്ചിട്ടില്ല. ആസ്തികളുടെ മൂല്യശോഷണം കണക്കാക്കിയതും കൃത്യമല്ല. പഞ്ചായത്ത് ഉടമസ്ഥതയിലുള്ള ഭൂമിയുടെ മൂല്യം അക്കൗണ്ട് ചെയ്തിട്ടില്ല.

2. ഗ്രാമപഞ്ചായത്തിന്റെ ആസ്തി-ബാധ്യതകളുടെ വർഗ്ഗീകരണവും മൂല്യനിർണ്ണയവും നടത്തുന്ന നടപടിക്രമങ്ങൾ പൂർണ്ണമായിട്ടില്ല. അതിനാൽ ധനകാര്യ പത്രിക പ്രകാരം കണക്കാക്കിയ 31.03.2018-ലെ ജനറൽ ഫണ്ട് കൃത്യമല്ല.
3. ദുരിതാശ്വാസ നിധി, തനത് ഫണ്ട് എന്നീ അക്കൗണ്ടുകളിൽ നിന്നും നൽകിയ ശേഷം പണമാക്കാതെ 3 മാസത്തിലധികരിച്ച ചെക്കുകളുടെ മൂല്യം 2011 ലെ കേരള പഞ്ചായത്ത് രാജ്(അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം-46 പ്രകാരം അക്കൗണ്ടിങ്ങ് ക്രമീകരണത്തിലൂടെ Liablity in Respect of Stale Cheques ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല.
4. വസ്തുനികുതിയുടെ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ള കളക്ഷൻ, ബാലൻസ് തുകകൾ സഞ്ചയ സോഫ്റ്റ്‌വെയറിലെ ആനുപാതിക തുകകളുമായി പൊരുത്തപ്പെടുന്നില്ല. ബി-15 ഷെഡ്യൂളിലെ 4319101101-State Govt. Cesses/levies in Property Taxes-Control account ലെ നീക്കിയിരിപ്പ് ലഭിക്കാനുള്ള വസ്തുനികുതിയുടെ 5% തുകയല്ല.
5. നിർമ്മൽ പുരസ്കാരമിനത്തിൽ 24.11.2017-ൽ ലഭിച്ച 2.5 ലക്ഷം രൂപ 320300103-Grants Funds and Contributions for Specific Purposes-Other Government Agencies-Total Sanitation എന്ന ശീർഷകത്തിൽ അക്കൗണ്ട് ചെയ്തിരിക്കുന്നു. ആയതിനാൽ ടി ശീർഷകത്തിലെ നീക്കിയിരിപ്പ് തുകയുടെ കൃത്യത വ്യക്തമല്ല. 2.5 ലക്ഷം 320900101-Nirmal Puraskar ശീർഷകത്തിലേക്ക് ജേർണൽ വൗച്ചർ മുഖേന അക്കൗണ്ടിങ്ങ് ക്രമീകരണം നടത്തേണ്ടതാണ്.
6. 31.03.2018 ലെ ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 ലെ 320100299 ശീർഷകത്തിലെ 11,350/- രൂപയുടെ നീക്കിയിരിപ്പ് ഏതിനം ഫണ്ടാണ് എന്നത് വിശദീകരിക്കപ്പെട്ടിട്ടില്ല.
7. സംയുക്ത പ്രോജക്ടിനായി ബ്ലോക്ക് പഞ്ചായത്തിൽ നിന്നും ലഭിച്ച ഫണ്ടിന്റെ ചെലവ് കണക്കുകൾ വാർഷിക ധനകാര്യ പത്രിക പ്രകാരമുള്ളത് സുലേഖ ചെലവ് പത്രികയിലെ ചെലവുമായി പൊരുത്തപ്പെടുന്നില്ല. സമഗ്ര നെൽകൃഷി വികസനം (40/18) പ്രോജക്ടിനായി ബ്ലോക്കിൽ നിന്നും ലഭിച്ച 4 ലക്ഷം രൂപ ചെലവഴിച്ചിട്ടില്ല. ടി തുക ബാലൻസ് ഷീറ്റിൽ നീക്കിയിരിപ്പായി ഉൾപ്പെടുത്തിയിട്ടില്ല.
8. ഗുണഭോക്തൃ വിഹിതം ഇനത്തിലുള്ള നീക്കിയിരിപ്പ് 4,956/- രൂപയുടെ കൃത്യത വിശദീകരിക്കപ്പെട്ടിട്ടില്ല.

9. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള മുന്നിരിപ്പ് തുകകളുടെ വിശദാംശം ലഭ്യമല്ലാത്തതിനാൽ ബി-7 ഷെഡ്യൂളിലെ നിക്ഷേപങ്ങളുടെ കൃത്യത വ്യക്തമല്ല.
10. നിക്ഷേപ പ്രവത്തിക്കായി ജല അതോറിറ്റിയിൽ നിന്നും ചെലവഴിക്കാതെ മിച്ചഫണ്ട് 12,247/- രൂപ 341300101- Deposit Works-Others ശീർഷകത്തിൽ പഞ്ചായത്തിന്റെ ബാധ്യതയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. ടി തുക നിക്ഷേപ പ്രവൃത്തിക്ക് വകയിരുത്തിയ ഫണ്ടിനം ഏതാണെന്ന് കണ്ടെത്തി യഥാവിധി പഞ്ചായത്ത് ഫണ്ടിലേക്ക് ചേർക്കുകയോ സർക്കാരിലേക്ക് ഒടുക്കുകയോ ചെയ്യേണ്ടതാണ്.
11. പലിശയിനത്തിലുള്ള തുക അക്കൗണ്ട് ചെയതതിലെ അപാകത മൂലം ബി-12 ഷെഡ്യൂളിലെ സ്ഥിരനിക്ഷേപ തുകയുടെ നീക്കിയിരിപ്പ് ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ/സ്റ്റോൾ പ്രകാരമുള്ള 31.03.2018 ലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല. (ഖണ്ഡിക 4-5 കാണുക)
12. MNREGS തൊഴിലുറപ്പ് പദ്ധതി ക്യാഷ് ബുക്ക് പ്രകാരമുള്ള വരവ്-ചെലവ് കണക്കുകൾ ധനകാര്യപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.
13. ട്രെയ്ഡർ/സ്ഥാപനങ്ങൾ തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ പ്രകാരമുള്ള കണക്കുകൾ ധനകാര്യ പത്രികയുമായി പൊരുത്തപ്പെടുന്നില്ല. 31.03.2018 ലെ ബാലൻസ് ഷീറ്റ് പ്രകാരം ലഭിക്കാനുള്ള 50,000/- രൂപ ഏതെല്ലാം സ്ഥാപനങ്ങളുടേതാണെന്ന് വ്യക്തമല്ല.
14. KSEB യിൽ നിക്ഷേപിച്ച 1,157,191/- രൂപയിൽ 1,119,232/- രൂപ 410600102-Electricity-Line Extension എന്ന ശീർഷകത്തിൽ ആസ്തിയായും 37,961/- രൂപ 410800101-Other Fixed Assets ശീർഷകത്തിലും അക്കൗണ്ട് ചെയ്തിരിക്കുന്നു. ജല അതോറിറ്റിയിൽ നിക്ഷേപിച്ച 144,000/- രൂപ 410400103-Drinking Water-Pipelines ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുമ്പോൾ ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. ആയതിനാൽ നിക്ഷേപ പ്രവത്തികൾക്ക് നൽകിയ തുക 31.03.2018 ലെ ബാലൻസ് ഷീറ്റിൽ കൃത്യമായ ശീർഷകങ്ങളിൽ പ്രതിഫലിക്കുന്നില്ല. 2018-19 വർഷമാണ് പ്രവൃത്തികൾക്ക് വിനിയോഗ സാക്ഷ്യപത്രം ലഭ്യമായത്.
15. വിധവകളുടെ പെൺമക്കൾക്കുള്ള വിവാഹ ധനസഹായം 1.2 ലക്ഷം രൂപ ലഭ്യമായതും വിതരണം ചെയ്തതുമായ ഇടപാടുകൾ റീസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ പ്രതിഫലിച്ചിട്ടില്ല.
16. ദുരിതാശ്വാസ നിധി ഫണ്ടിന്റെ നീക്കിയിരിപ്പ് സമാന ബാങ്ക് അക്കൗണ്ടിലെ നീക്കിയിരിപ്പുമായി ഒരു രൂപയുടെ വ്യത്യാസം നിലനിൽക്കുന്നു.

17. 31.03.2018 ബാലൻസ് ഷീറ്റ് ബി-9 ഷഡ്യൂളിലെ ജീവനക്കാരുടെ ശമ്പളം, ജി.ഐ.എസ്., ആദായ നികുതി ശീർഷകങ്ങളിലെ നീക്കിയിരിപ്പ് തുകകൾ ബിൽ രജിസ്റ്ററുമായി പൊരുത്തപ്പെടുന്നില്ല. സർക്കാർ/മറ്റ സ്ഥാപങ്ങൾ എന്നിവയിലേക്ക് ഒടുക്കാനുള്ള തുകകൾ നിരീക്ഷിക്കുന്നതിന് Government Dues രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.

വാർഷിക കണക്കുകളിലെ വർഷാന്ത്യ ബാലൻസ് ഷീറ്റിലെ വിവിധ ശീർഷകങ്ങളിലെ ആസ്തി-ബാധ്യതകൾ വിശദീകരിക്കുന്നതിനുള്ള അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി തൻവർഷ കണക്കുകളുടെ സംക്ഷിപ്തം (മുന്നിരിപ്പ്, തൻവർഷ വരവ്, ആകെ, ചെലവ്, നീക്കിയിരിപ്പ്) തയ്യാറാക്കി തദ്ദേശഭരണ സ്ഥാപന സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. 2017-18 വാർഷിക കണക്കുകളിൽ നിലനിൽക്കുന്ന മേൽവിവരിച്ച അപാകതകൾ പരിഹരിച്ച് അടിസ്ഥാന രേഖകളും രജിസ്റ്ററുകളും തയ്യാറാക്കി വിശദാംശങ്ങളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പെടെ മറുപടി ലഭ്യമാക്കേണ്ടതാണ്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 2-1-1 മൊബൈൽ ടവറിന്റെ വസ്തു നികുതി നിർണ്ണയിച്ചതിൽ അപാകത

14.01.2011-ലെ ജി.ഒ.(പി)നം.19/2011/ത.സ്വ.ഭ.വ.യുടെ അടിസ്ഥാനത്തിൽ മൊബൈൽ ടവറുകളുടെ അടിസ്ഥാന വസ്തുനികുതി ചതുരശ്ര മീറ്ററിന് 500/- രൂപയായി 2013-14 ഒന്നാം അർദ്ധവർഷം മുതൽ പരിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്ത് പ്രദേശത്ത് സ്ഥാപിച്ചിട്ടുള്ള മൊബൈൽ ടെലിക്കമ്മ്യൂണിക്കേഷൻ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചപ്പോൾ തറ വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുള്ളതായി കാണുന്നു (2013-14 ഒന്നാം അർദ്ധവർഷം മുതൽ പ്രാബല്യം). സഞ്ചയ സോഫ്റ്റ്വെയറിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ പ്രകാരം കിടങ്ങൂർ ഗ്രാമ പഞ്ചായത്ത് പ്രദേശത്ത് പ്രവർത്തിക്കുന്ന 13 മൊബൈൽ ടവറുകൾക്കാണ് നാളിതുവരെ നികുതിനിർണ്ണയം നടത്തിയിട്ടുള്ളത്. മൊബൈൽ ടവറുകളുടെ നികുതിനിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങളെല്ലാം ഉൾപ്പടെയുള്ള വിസ്തീർണ്ണം കണക്കാക്കിയല്ല നികുതി നിർണ്ണയം നടത്തിയിട്ടുള്ളത് എന്ന് 12.02.2019-ൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ വ്യക്തമായി. സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ട ടവറുകളുടെ വിസ്തീർണ്ണ പ്രകാരം

നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി ചുവടെ ചേർക്കുന്നു (നികുതി നിരക്ക് 500/- രൂപ ചതുരശ്ര മീറ്ററിന്).

| കെട്ടിട നം. | സഞ്ചയ പ്രകാരം തറ വിസ്തീർണ്ണം | നിർണ്ണയിച്ച അടിസ്ഥാന നികുതി | സ്ഥല പരിശോധനയിൽ ബോധ്യപ്പെട്ട വിസ്തീർണ്ണം | നിർണ്ണയിക്കേണ്ട അടിസ്ഥാന നികുതി | അടിസ്ഥാന വസ്തുനികുതിയിലെ കുറവ് |
|---|---|---|---|---|---|
| 6/537/A | 12 | 6,000/- | 45.38 | 22,690/- | 16,690/- |

2013 ഒന്നാം അർദ്ധവർഷം മുതലാണ് പുതുക്കിയ നികുതി ഈടാക്കി വരുന്നത്. മൊബൈൽ ടവറുകളുടെ വസ്തുനികുതി നിർണ്ണയിച്ചതിലുള്ള പിഴവുമൂലം വസ്തുനികുതി ഡിമാന്റിലുണ്ടായ കുറവിനും തൻമൂലം വരുമാനം നഷ്ടമായതിനും വിശദീകരണം നൽകാനാവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.8/12.02.2019) നൽകിയതിന് പ്രസ്തുത ടവറിന്റെ വസ്തുനികുതി പുനർനിർണ്ണയിക്കുന്നതാണ് എന്ന് സെക്രട്ടറി മറുപടി നൽകി. മേൽപറഞ്ഞതുൾപ്പടെ പഞ്ചായത്ത് പരിധിയിലുള്ള എല്ലാ മൊബൈൽ ടവറുകളുടെയും വസ്തുനികുതി നിർണ്ണയത്തിൽ വിസ്തീർണ്ണം കണക്കാക്കിയപ്പോൾ ബാറ്ററി മുറി, സെക്യൂരിറ്റി മുറി, ജനറേറ്റർ മുറി എന്നിങ്ങനെയുള്ള അനുബന്ധ കെട്ടിടങ്ങളെല്ലാം ഉൾപ്പെട്ടിട്ടുണ്ടോ എന്നുള്ള വിവരം എഞ്ചിനീയറിങ്ങ് വിഭാഗത്തിന്റെ മേൽനോട്ടത്തിൽ പരിശോധിക്കേണ്ടതാണ്. വിസ്തീർണ്ണം കണക്കാക്കിയതിൽ അപാകതയുണ്ടെങ്കിൽ നികുതി പുനർനിർണ്ണയിച്ച് കുടിശിക സഹിതം ഈടാക്കേണ്ടതാണ്. മേൽപറഞ്ഞതുൾപ്പടെ മൊബൈൽ ടവറുകളുടെ വസ്തുനികുതി പുനർനിർണ്ണയിച്ച് ഈടാക്കി വിശദാംശം അറിയിക്കേണ്ടതാണ്.

## **2-1-2** <u>വസ്തുനികുതി നിർണ്ണയിക്കാതെ മൊബൈൽ ടവർ പ്രവർത്തിക്കുന്നു</u>

12/02/2019 ൽ പഞ്ചായത്ത് അധികൃതരുടെ സാന്നിദ്ധ്യത്തിൽ നടത്തിയ സ്ഥലപരിശോധനയിൽ 6-ാം വാർഡ് ചേർപ്പുങ്കൽ ഓൾഡ് റോഡിലുള്ള കുറുമുണ്ടയിൽ ബിൽഡിങ്ങിന്റെ ടെറസിൽ രണ്ട് ടവറുകളുള്ളതായി ബോധ്യപ്പെട്ടു. എന്നാൽ പ്രസ്തുത ടവറുകളിൽ 6/74/A നമ്പരായി 6.5 ചതുരശ്ര മീറ്റർ വിസ്തീർണ്ണം കണക്കാക്കി ഒരു ടവർ മാത്രമാണ് പഞ്ചായത്ത് നികുതി നിർണ്ണയിച്ചിട്ടുള്ളത് (സഞ്ചയ സോഫ്റ്റ്‌വെയർ റവന്യൂ മൊഡ്യൂൾ പ്രകാരം). സ്ഥലപരിശോധനയിൽ പഞ്ചായത്തിന്റ 6-ാം വാർഡിലുള്ള മൊബൈൽ ടവറുകളിൽ 26.83 ചതുരശ്ര മീറ്റർ വിസ്തീർണ്ണം അളന്നു തിട്ടപ്പെടുത്തിയ ഒരു ടവർ നികുതി നിർണ്ണയിക്കപ്പെടാതെ

പ്രവർത്തിക്കുന്നതായി ബോധ്യപ്പെട്ടു. സഞ്ചയ സോഫ്റ്റ്‌വെയറിലെ റവന്യൂ മൊഡ്യൂൾ പ്രകാരം 6-ാം വാർഡിൽ 2 ടവറുകൾക്കാണ് നികുതി നിർണ്ണയിച്ചിട്ടുള്ളത്. സ്ഥലപരിശോധനയിൽ 6-ാം വാർഡിൽ 3 ടവറുകളുള്ളതായി കാണുന്നു.

പഞ്ചായത്ത് പരിധിയിലുള്ള മൊബൈൽ ടവറിന് വസ്തുനികുതി നിർണ്ണയിക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ് (നം.9/12.02.2019) നൽകിയതിന് വസ്തുനികുതി സ്പെഷ്യൽ ഡ്രൈവ് നടത്തി നിർണ്ണയിക്കുമെന്ന് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത മൊബൈൽ ടവറിന്റെ നികുതി നിർണ്ണയിച്ച് ആയത് പ്രവർത്തനം തുടങ്ങിയതു മുതലുള്ള നികുതി ഈടാക്കേണ്ടതാണ്. പെർമിറ്റ് എടുക്കാതെ അനധികൃതമായി നിർമ്മാണം നടത്തിയതാണെങ്കിൽ റെഗുലറൈസേഷൻ നടപടിക്രമങ്ങൾ സ്വീകരിച്ച് ഫീസ് ഈടാക്കേണ്ടതാണ്. നടപടികൾ പൂർത്തിയാക്കി വിശദാംശം രേഖാമൂലം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2 വസ്തുനികുതി തുക കണക്കാക്കിയതിൽ അപാകത

ദേവസ്യ, ആലപൊയ്കയിൽ, ചെമ്പിളാവ് എന്ന വ്യക്തിയുടെ ഉടമസ്ഥതയിലുള്ള 100 ചതുരശ്ര മീറ്റർ തറ വിസ്തീർണ്ണമുള്ള 7/145 നം. വീടിന് നികുതി നിർണ്ണയിച്ച സഞ്ചയ ഫോറം-6 പ്രകാരം അടിസ്ഥാന വസ്തുനികുതി പൂജ്യം ആയി രേഖപ്പെടുത്തിയിരിക്കുന്നു. പ്രസ്തുത കെട്ടിടത്തെ നികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതായി കാണുന്നില്ല. നികുതി ഒഴിവാക്കാത്ത കെട്ടിടത്തിന് വസ്തുനികുതി ഇല്ല എന്ന് കണക്കാക്കി നികുതി നിർണ്ണയിച്ചതിന് വിശദീകരണം ആവശ്യപ്പെട്ട് ഓഡിറ്റ് അന്വേഷണക്കുറിപ്പ്(നം.11/12.02.2019) നൽകിയതിന് മറുപടി ലഭിച്ചില്ല. മേൽപറഞ്ഞ കെട്ടിടത്തിന്റെ വസ്തുനികുതി കണക്കാക്കി സഞ്ചയ സോഫ്റ്റ്‌വെയർ ഡേറ്റ കൃത്യമാക്കി നികുതി ഈടാക്കി വിശദാംശം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-3 കെട്ടിട നിർമ്മാണം-റഗുലറൈസേഷൻ ഫീസ് കുറവായി ഈടാക്കി

തദ്ദേശ സ്വയംഭരണ (ആർ.ഡി) വകുപ്പ് സെക്രട്ടറി 11.11.2015 ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് 229813/ആർ.ഡി2/15 നമ്പരായി നൽകിയിട്ടുള്ള സ്പഷ്ടീകരണ കത്തിൽ പെർമിറ്റെടുക്കാതെയുള്ള നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് രാജിയാക്കൽ ഫീസിനൊപ്പം പെർമിറ്റ് ഫീസും ഈടാക്കണമെന്നാണ് നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ, ഗ്രാമപഞ്ചായത്തിൽ പെർമിറ്റെടുക്കാതെയുള്ള നിർമ്മാണങ്ങളുടെ ക്രമവത്കരണത്തിന് രാജിയാക്കൽ ഫീസ് മാത്രമാണ് ഈടാക്കുന്നത്. ഉദാഹരണത്തിന്, ശ്രീ.ശിവശങ്കരപ്പിള്ള,

പാലിയിൽ എന്നയാളുടെ, അനുമതിയില്ലാതെ കൂട്ടിച്ചേർത്ത പാർപ്പിടാവശ്യത്തിനുള്ള നിർമ്മാണം (തറനില-125 ച.മീ, ഒന്നാം നില -62 ച.മീ) ക്രമവത്കരിക്കുന്നതിന് രാജിയാക്കൽ ഫീസ് മാത്രമാണ് (₹ 1130/-) ഈടാക്കിയിട്ടുള്ളത്.

പെർമിറ്റെടുക്കാതെ നിർമ്മിച്ചിട്ടുള്ള കെട്ടിടങ്ങളുടെ ക്രമവത്കരണത്തിന് കോമ്പൗണ്ടിംഗ് ഫീസായി പെർമിറ്റ് ഫീസിന്റെ ഇരട്ടി ഈടാക്കണമെന്ന് ചട്ടത്തിൽ പറയുന്ന എന്നും ആയത് പ്രകാരം 'സങ്കേതം' സോഫ്റ്റ്‌വെയറിൽ രണ്ടിരട്ടി ഫീസ് ഈടാക്കുന്ന രീതിയിൽ സെറ്റ് ചെയ്തിരിക്കുന്നത് കൊണ്ടാണ് രണ്ടിരട്ടി ഫീസ് ഈടാക്കി വന്നത് എന്നും ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.10 തീയതി 12.2.19) മറുപടി നൽകിയിട്ടുണ്ട്. എന്നിരുന്നാലും, നിലവിൽ പഞ്ചായത്തിൽ സമർപ്പിക്കപ്പെടുന്ന ക്രമവത്കരണ അപേക്ഷകളിൽ പെർമിറ്റ് ഫീസും ക്രമവത്കരണ ഫീസായി പെർമിറ്റ് ഫീസിന്റെ രണ്ടിരട്ടിയും ഉൾപ്പെടെയുള്ള തുകയാണ് വാങ്ങി വരുന്നത് എന്ന വിവരവും അറിയിച്ചിട്ടുണ്ട്. ഭൂരിഭാഗം പഞ്ചായത്തുകളിലും സങ്കേതം സോഫ്റ്റ്‌വെയറിൽ സെറ്റ് ചെയ്തിരിക്കുന്ന പ്രകാരമുള്ള ഫീസ് ഈടാക്കുന്നത് കൊണ്ടാണ് കുറവ് സംഭവിക്കുന്നത് എന്നതിനാൽ സോഫ്റ്റ്‌വെയറിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തുന്നതിന് ഐ.കെ.എം ന്റെ ഭാഗത്തുനിന്ന് നടപടികളുണ്ടാവുന്നതിന് പഞ്ചായത്ത് കമ്മിറ്റി തീരുമാനം ഉണ്ടാകേണ്ടതുണ്ട്.

## 2-4 ജീവനക്കാരുടെ/സ്ഥാപന തൊഴിൽനികുതി ഈടാക്കിയില്ല

തൊഴിൽനികുതി രജിസ്റ്ററും അനുബന്ധരേഖകളും പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതി ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | ഹോട്ടൽ എലിഗൻസ് | 2 |
| 2 | അരവിന്ദ വിദ്യാമന്ദിരം, കിടങ്ങൂർ | 2 |
| 3 | ക്ഷീരോല്പാദക സംഘം, കിടങ്ങൂർ | 1 |

കൂടാതെ, താഴെപ്പറയുന്ന സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതിയും ഈടാക്കിയിട്ടില്ല എന്ന് കാണുന്നു.

| ക്രമ നം | സ്ഥാപനത്തിന്റെ പേര് | അർദ്ധ വർഷം |
|---|---|---|
| 1 | കെ.എസ്.ഇ.ബി, കിടങ്ങൂർ | 1 |

| | | |
|---|---|---|
| 2 | മുത്തൂറ്റ് ഫിൻകോർപ്പ്, കിടങ്ങൂർ | 1,2 |
| 3 | എസ്.ബി.ഐ, കിടങ്ങൂർ | 1 |
| 4 | സൗത്ത് ഇൻഡ്യൻ ബാങ്ക്, ചേർപ്പുങ്കൽ | 1 |
| 5 | GMMCO ലിമിറ്റഡ് | 1 |
| 6 | ഇൻഫന്റ് ജീസസ് പബ്ലിക് സ്കൂൾ, കിടങ്ങൂർ | 1 |

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ 204(ii)ന് അനുബന്ധമായ 1996ലെ കേ.പ.രാജ്(തൊഴിൽ നികുതി ചട്ടങ്ങൾ)ലെ ചട്ടം 4 പ്രകാരം ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ഒരു കമ്പനിയ്ക്കോ അല്ലെങ്കിൽ വ്യക്തിക്കോ ഓഫീസോ ജോലിസ്ഥലമോ ഉണ്ടെങ്കിൽ അങ്ങനെയുള്ള കമ്പനി ഗ്രാമപഞ്ചായത്ത് പ്രദേശത്തിനുള്ളിൽ ബിസിനസ്സ് ചെയ്യുന്നതായോ വ്യക്തി തൊഴിലിലോ കലയിലോ ജോലിയിലോ അല്ലെങ്കിൽ നിയമനത്തിലോ ഏർപ്പെട്ടിരിയ്ക്കുന്നതായോ കരുതപ്പെടുന്നതാണ്. ചട്ടം 3 പ്രകാരം ഇങ്ങനെയുള്ള ബിസിനസ്സ് അല്ലെങ്കിൽ തൊഴിൽ തുടർച്ചയായോ പലപ്പോഴായോ ഒരു അർദ്ധ വർഷത്തിൽ അറുപത് ദിവസത്തിൽ കുറയാതെ ചെയ്യുകയും എന്തെങ്കിലും ആദായം ലഭിച്ചുകൊണ്ടിരിയ്ക്കുകയും ചെയ്താൽ കമ്പനി അല്ലെങ്കിൽ വ്യക്തി തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥനാണ്. അതനുസരിച്ച് ഗ്രാമപഞ്ചായത്തിലെ മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത് നടപ്പിലാക്കിയ കോൺട്രാക്ടർമാരിൽ നിന്നും തൊഴിൽനികുതി ഈടാക്കാമായിരുന്നെങ്കിലും ഈടാക്കിയതായി കാണുന്നില്ല.

കൂടാതെ, ഒന്നിലധികം ജീവനക്കാരെ/തൊഴിലാളികളെ ജോലിക്ക് നിയോഗിച്ചിട്ടുള്ള ധാരാളം വ്യവസായ/ഹോട്ടൽ/ബേക്കറി സ്ഥാപനങ്ങളും തടിമില്ലുകളും ഓട്ടോമൊബൈൽ വർക്ക്ഷോപ്പുകളും മറ്റും ഗ്രാമപഞ്ചായത്തിന്റെ പരിധിയിൽ പ്രവർത്തിക്കുന്നുണ്ട്. ഡി & ഒ ലൈസൻസിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ള സംഗതികളിൽ ഇത്തരം സ്ഥാപനങ്ങൾ ജോലിക്കു നിയോഗിച്ചിട്ടുള്ള ജീവനക്കാരുടെ എണ്ണം അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ, ചുരുക്കം ചില സ്ഥാപനങ്ങളൊഴിച്ചാൽ ടി ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ലായെന്നു ഡി & ഒ ലൈസൻസ് അപേക്ഷകളും രേഖകളും തൊഴിൽ നികുതി രേഖകളും ഒത്ത് നോക്കി പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്. ഉദാഹരണത്തിന്, കുടല്ലൂരിലുള്ള മീനച്ചിൽ റ്റി.എസ്.ബി.ആർ ഫാക്ടറിയിൽ (ഡി&ഒ രജിസ്റ്റർ ക്രമ നം.11) 95ജീവനക്കാർ ജോലി ചെയ്യുന്നതായി അപേക്ഷയിൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും അവരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്യുകയോ ഈടാക്കുകയോ ചെയ്തിട്ടില്ല എന്ന് കാണുന്നു. കൂടുതൽ ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ | രജി. | സ്ഥാപനത്തിന്റെ പേര് | കെട്ടിട | ജീവനക്കാരുടെ |
|---|---|---|---|---|

| നം. | ക്രമ നം | | നമ്പർ | എണ്ണം |
|---|---|---|---|---|
| 1 | 1 | പോപ്പുലർ ഡിസൈനർ ടൈൽസ് | 5/460A | 06 |
| 2 | 13 | ജീസസ് ഫിഷറീസ് | 6/165D | 08 |
| 3 | 18 | രാംകോ സിമന്റ് ഗോഡൗൺ | 13/72A | 06 |
| 4 | 67,68 | റൈനോ ഇൻഡസ്ട്രീസ് | 12/388,389 | 06 |
| 5 | 82 | മുത്തൂറ്റിൽ മാർബിൾ& ഗ്രാനൈറ്റ്സ് | 14/597 | 04 |
| 6 | 91 | ശരവണ ഫുഡ് പ്രൊഡക്ട്സ് | 8/363 | 09 |
| 7 | 92 | മുണ്ടമറ്റം ഗ്ലാസ്സ് ഹൗസ് | 6/41A | 06 |
| 8 | 118 | രസം റസ്റ്റോറന്റ് | 13/362A | 12 |
| 9 | 184 | ക്രിസ്റ്റൽ പോളിമേഴ്സ് | 6/184 | 06 |
| 10 | 214 | ഹോമിയോപതിക് റിസർച്ച് സെന്റർ | 13/566 | 04 |
| 11 | 268 | LLM ഹോസ്പിറ്റൽ കാന്റീൻ | 4/67 | 09 |

കൂടാതെ,കള്ളുഷാപ്പുകൾ,അക്ഷയകേന്ദ്രങ്ങൾ,റേഷൻകടകൾ (3 എണ്ണം ഒഴികെ) തുടങ്ങിയ സ്ഥാപനങ്ങളെ ഡിമാന്റിൽ ഉൾപ്പെടുത്തുകയോ തൊഴിൽനികുതി ഈടാക്കുകയോ ചെയ്തിട്ടില്ല.

മേൽപ്പറഞ്ഞ കാര്യങ്ങളിൽ വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4 തീ.08.02.2019) മറുപടി ലഭ്യമായില്ല. തൊഴിൽനികുതി ഒടുക്കുവാൻ ബാദ്ധ്യസ്ഥമായ എല്ലാ സ്ഥാപനങ്ങളെയും വ്യക്തികളെയും ഉൾപ്പെടുത്തി രജിസ്റ്റർ തയ്യാറാക്കേണ്ടതും ആയതിൻ പ്രകാരം സ്ഥാപനങ്ങളുടെയും വ്യക്തികളുടെയും തൊഴിൽനികുതി ഈടാക്കേണ്ടതുമാണ്.

## 2-5 ഡി&ഒ ട്രേഡ് ലൈസൻസ്

(എ)പാർപ്പിടാവശ്യത്തിന് നികുതി നിർണ്ണയിക്കപ്പെട്ട കെട്ടിടങ്ങളിൽ

വ്യാപാരസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

2017-18 വർഷം ഡി&ഒ ലൈസൻസ് നൽകിയിട്ടുള്ള താഴെപ്പറയുന്ന സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് പാർപ്പിടാവശ്യത്തിനായി നികുതി നിർണ്ണയിക്കപ്പെട്ടിട്ടുള്ള കെട്ടിടങ്ങളിലാണ്.

| രജിസ്റ്ററിലെ ക്രമ നം | കെട്ടിട നം | സ്ഥാപന ഉടമയുടെ പേര് | ഉപയോഗക്രമം |
|---|---|---|---|
| 3 | 6/108 | പി.ബി.സിബി, പടിയ്ക്കവീട്ടിൽ | വയർക്കട്ട വില്പന |
| 23 | XI/255 | കെ.ജെ.ജോൺ,കുന്നപ്പള്ളിൽ | പലചരക്ക് വ്യാപാരം |
| 30 | 12/14 | ബിന്ദു സുനിൽ,പാറയ്ക്കൽ | തയ്യൽക്കട |
| 63 | 13/430 | അന്നമ്മ മാത്യ, പി.വി.ആർ. അസോസിയേറ്റ്സ് | ടോയിലറ്റ്/തറ ക്ലീനർ, പൗഡർ വില്പന |
| 70 | 14/605 | സ്റ്റെഫിൻ മോഹൻ ജേക്കബ്ബ്, ആളൂപ്പറമ്പിൽ | അലൂമിനിയം ഫേബ്രിക്കേഷൻ |
| 85 | 12/497 | സുലോചന സുരേന്ദ്രൻ, മഴവഞ്ചേരിക്കാലയിൽ | പലചരക്ക് വ്യാപാരം |
| 116 | 6/143 | അനീഷ് ജോസഫ്, വടക്കേപ്പറമ്പിൽ | ഫോട്ടോസ്റ്റാറ്റ്,ഡി.റ്റി.പി |
| 194 | 10/134 | മഞ്ജു ഷാജി,കുന്നംഭാഗത്ത് | കൂൾബാർ&റെസ്റ്റോറന്റ് |
| 253 | 5/115 | സുനിൽകുമാർ പി വി, പുതുശ്ശേരിക്കുന്നേൽ | പലചരക്ക് വ്യാപാരം |
| 283 | 12/432 | വി.എസ്.ജോസ്,വാലുപറമ്പിൽ | സ്റ്റേഷനറി |
| 308 | 10/101 | ഇ.എം.മണി, ഇടയ്ക്കാട്ടുവയലിൽ | പലചരക്ക് വ്യാപാരം |
| 352 | 1/105 | ഹരികുമാർ സി.എൻ,ചേന്നാട്ട് | പലചരക്ക് വ്യാപാരം |
| 368 | 14/432 | അഭിജിത് എം വിജയൻ, | ഡെക്കറേഷൻ വർക്ക് |

| | | | | |
|---|---|---|---|---|
| | | മറ്റത്തിൽ | | |

ടി കെട്ടിടങ്ങളുടെ ഗണം മാറ്റി വാണിജ്യാവശ്യത്തിനുള്ള കെട്ടിട ഗണത്തിലേയ്ക്ക് മാറ്റി നികുതി ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഇത് സംബന്ധിച്ച ഓഡിറ്റ് അന്വേഷണ കുറിപ്പിന് (നം.4 തീ.08.02.19) സെക്രട്ടറി മറുപടി നൽകി. സ്വീകരിച്ച നടപടികളുടെ വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

(ബി) ഡി& ഒ ട്രേഡ് ലൈസൻസില്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു

"സഞ്ചയ" സോഫ്റ്റ്‌വെയറിലെ വിവിധ ഉപയോഗക്രമങ്ങളുടെ അടിസ്ഥാനത്തിലുള്ള കെട്ടിടങ്ങളുടെ എണ്ണം ചുവടെ ചേർക്കും പ്രകാരമാണ്.

| ക്രമ നം | ഉപയോഗക്രമം | എണ്ണം |
|---|---|---|
| 1 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ വരെ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 1263 |
| 2 | വാണിജ്യാവശ്യത്തിനുള്ള 100 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള ഹോട്ടൽ,ഷോപ്പുകൾ,ഗോഡൗൺ | 98 |
| 3 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ വരെ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 01 |
| 4 | വാണിജ്യാവശ്യത്തിനുള്ള 200 ച.മീ മുകളിൽ തറവിസ്തീർണ്ണമുള്ള സൂപ്പർ മാർക്കറ്റ്,ഷോപ്പിംഗ് മാളുകൾ | 63 |
| 5 | വാണിജ്യാവശ്യത്തിനുള്ള ബങ്കുകൾ, പെട്ടിക്കടകൾ, കമ്പ്യൂട്ടർ സെന്റർ, ഫ്യൂവൽ സ്റ്റേഷൻ | 13 |
| 6 | വ്യവസായത്തിനാവശ്യമുള്ളവ-കൈത്തറിഷെഡ്, കയർപിരി ഷെഡ് | 26 |
| 7 | ഇതരവ്യവസായങ്ങൾക്കാവശ്യമുള്ളവ | 52 |
| 8 | മൈക്രോ,സ്മോൾ ആന്റ് മീഡിയം എ.ഡെ.ആക്ട് പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 22 |
| 9 | ഗ്രാമപഞ്ചായത്ത് ഷോപ്പിംഗ്കോംപ്ലക്സ് മുറികൾ | 14 |
| | ആകെ | 1552 |

മേൽപരാമർശിച്ച പ്രകാരം വാണിജ്യ/വ്യവസായ/ഇതര ആവശ്യങ്ങൾക്കായി

നികുതി നിർണ്ണയിക്കപ്പെട്ട 1552 കെട്ടിടങ്ങളുണ്ടെങ്കിലും ലൈസൻസോടെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ 380 എണ്ണം മാത്രമാണ്. ട്രേഡേഴ്സ് ലിസ്റ്റ് നിലവിലുണ്ടെങ്കിലും ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തിയിട്ടില്ല. 592 സ്ഥാപനങ്ങളാണ് ട്രേഡേഴ്സ് ലിസ്റ്റിൽ ഉൾപ്പട്ടിട്ടുള്ളത്. വാണിജ്യ/വ്യവസായ ആവശ്യങ്ങൾക്കായി നികുതി നിർണ്ണയിക്കപ്പെട്ട 1552 കെട്ടിടങ്ങളുണ്ടെങ്കിലും പ്രവർത്തനമില്ലാതെ ഒഴിഞ്ഞുകിടക്കുന്ന കെട്ടിടങ്ങളുമുണ്ട് എന്നും എന്നിരുന്നാലും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന ഒട്ടനവധി സ്ഥാപനങ്ങളുള്ളതായി മനസ്സിലാക്കുന്നുവെന്നും അത്തരത്തിലുള്ള എല്ലാ സ്ഥാപനങ്ങളെയും ഉൾപ്പെടുത്തി ട്രേഡേഴ്സ് ലിസ്റ്റ് കാലികമാക്കുകയും എല്ലാ സ്ഥാപനങ്ങൾക്കും ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും ഓഡിറ്റ് അന്വേഷണകുറിപ്പിന് (നം. 4/8.2.2019) സെക്രട്ടറി മറുപടി നൽകിയിട്ടുണ്ട്. ആവശ്യമായ നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 2-6 ഇ-ടെൻഡർ നടത്തിയ പ്രോജക്ടുകളുടെ ടെൻഡർ ഫീ പഞ്ചായത്തിന് ലഭ്യമായിട്ടില്ല

ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കി വന്നിരുന്നത് കോട്ടയം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലായിരുന്നു. ടി തുകകൾ പഞ്ചായത്തിന് തനത് ഫണ്ടിലേക്കുള്ള വരുമാനം കൂടിയാണ്. 2017-18 വർഷം കിടങ്ങൂർ ഗ്രാമപഞ്ചായത്തിലെ ഇ-ടെൻഡർ ഫീസിനത്തിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ ലഭ്യമായ തുകകൾ ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിരുന്നില്ല. ലഭിക്കാനുള്ള തുകകളുടെ പ്രോജക്ട്, Probable Amount of Contract(PAC), ടെൻഡർ ഫോം വില, ബിഡ്ഡർമാരുടെ എണ്ണം എന്നിവ ടെൻഡർ രജിസ്റ്റർ പ്രകാരമുള്ളത് ചുവടെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് | PAC | ടെൻഡർ ഫോം വില | ബിഡ്ഡർമാരുടെ എണ്ണം | ആകെ ടെൻഡർ ഫോം വില |
|---|---|---|---|---|---|
| 1. | റോഡ് സംരക്ഷണഭിത്തി കടമനാശ്ശേരി-പയ്യത്തോട്ടം നിർമ്മാണം വാർഡ്-7(103/18) | 600,000/- | 1,260/- 160/- GST | 2 | 2,840/- |

| | | | | | |
|---|---|---|---|---|---|
| 2. | മോഡൽ എയ്റോബിക് കമ്പോസ്റ്റ് തുമ്പൂർമുഴി യൂണിറ്റ്(216/18) | 1,028,500/- | 2,060/- 250/- GST | 1 | 2,310/- |
| ആകെ ടെൻഡർ ഫോം വില (ഫോം വില, SGST,CGST ഉൾപ്പടെ) | | | | | 5,150/- |

തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ 17.08.2017 ലെ DB1/7942/2010/CE/LSGD നം. സർക്കുലർ പ്രകാരം ഇ-ടെൻഡറുമായി ബന്ധപ്പെട്ട ഫീസുകൾ ഒടുക്കുന്നതിനായി എല്ലാ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും SBI യിൽ ഒരു കറണ്ട് അക്കൗണ്ട് ആരംഭിക്കുന്നതിന് അനുമതി നൽകിയിരുന്നു. ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് എഞ്ചിനീയർ ഇത്തരത്തിൽ ഒരു അക്കൗണ്ട് ആരംഭിച്ചിട്ടില്ല എന്ന് ഓഡിറ്റ് വേളയിൽ അറിയിച്ചു. മേൽ സർക്കുലർ പ്രകാരമുള്ള അക്കൗണ്ട് ആരംഭിച്ച് ഇ-ടെൻഡർ ഫോമിന്റെ മൂല്യം എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും ലഭ്യമാക്കേണ്ടതാണ്. തുക അക്കൗണ്ടിലേക്ക് ലഭ്യമാകുന്ന മുറയ്ക്ക് ടെൻഡർ ഫോം വില, State Goods and Services Tax(SGST), Central Goods and Services Tax(CGST) എന്നിവ കൃത്യമായി കണക്കാക്കി പഞ്ചായത്ത് തനത് ഫണ്ടിലേക്ക് ഒടുക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

### 3-1 മുൻകൂറുകൾ ക്രമീകരിച്ചിട്ടില്ല

2017-18 വർഷം തനതുഫണ്ടിൽനിന്നും അഡ്വാൻസായി നല്കിയ താഴെ പറയുന്ന തുകകൾ ക്രമീകരിച്ചിട്ടില്ല.

| ക്രമ നം | ബിൽ നം – തീയതി | മുൻകൂർ നല്കിയതിന്റെ ഉദ്ദേശ്യം | തുക |
|---|---|---|---|
| 1. | 81-21/04/17 | സാക്ഷരതാ പ്രേരക് എസ്സ്. ഉദയശ്രീയുടെ 3/17ലെ ഓണറേറിയം | 12000/- |

| | | | |
|---|---|---|---|
| 3. | 171-22/05/17 | മരം മുറിച്ചുമാറ്റുന്നതിന് നല്കിയത് | 5900/-<br>(രാധാകൃഷ്ണൻ നായർ, ശ്രീവിലാസം, മുളയ്ക്കൽ എന്ന വ്യക്തിയുടെ പുരയിടത്തിൽനിന്നും ശ്രീ.ചെറിയാൻ കുന്നംപുറത്ത് എന്നയാളുടെ പുരയിടത്തിലേയ്ക്ക് അപകടകരമാം വിധം നിന്ന മരം വെട്ടിമാറ്റിയതിന് നല്കിയ തുക) |
| 4. | | NREGSന് മുൻകൂർ നല്കിയത് | 98130/- |

അഡ്വാൻസ് തുകകൾ ക്രമീകരിക്കാത്തതിന്റെ കാരണം വിശദമാക്കുന്നതിനായി ഓഡിറ്റ് എൻക്വയറി നം 3 നല്കിയെങ്കിലും മറുപടി ലഭിച്ചിട്ടില്ല. അഡ്വാൻസ് തുകകൾ ക്രമീകരിക്കാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-2 വിമുക്തി-ലഹരി വിരുദ്ധ പ്രചാരണ പരിപാടി-തനത് ഫണ്ടിൽ നിന്നുംനല്കിയ മുൻകൂർ തിരികെ ലഭിച്ചിട്ടില്ല

പഞ്ചായത്തിൽ നടപ്പാക്കിയ വിമുക്തി-ലഹരി വിരുദ്ധ പ്രചാരണ പരിപാടിയ്ക്കായി 25000/-രൂപ ബിൽ നം.132/6-5-17 പ്രകാരം ചെലവഴിച്ചിട്ടുണ്ട്. ഇതിൽ 19000/-രൂപ ഭക്ഷണത്തിനായി മാത്രം ചെലവഴിച്ചതാണ്. ട്രഷറിയിലെ സാങ്കേതികപ്രശ്നങ്ങൾ കാരണം തുക ലഭിക്കാത്തതിനാൽ 19000/- രൂപ തനതു ഫണ്ടിൽനിന്നും ഭക്ഷണം വിതണം ചെയ്ത കുടുബശ്രീ യൂണിറ്റിന് നല്കുകയാണുണ്ടായത്. ബില്ലുമാറിയാലുടൻ തുക റിക്കൂപ്പ് ചെയ്യാമെന്നുള്ള വ്യവസ്ഥയിലാണ് തുക നല്കിയത്. ടി തുക നാളിതുവരെ തിരികെ ലഭിച്ചിട്ടില്ല. ടി തുക തിരികെ ഈടാക്കാനുള്ള നടപടികൾ സ്വീകരിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 3-3 സ്വകാര്യ വ്യക്തിയുടെ ഭൂമിയിലെ മരം മുറിച്ചുമാറ്റുന്നതിനായി ചെലവഴിച്ച തുക തിരികെ ലഭിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് പരിധിയിൽ താമസിക്കുന്ന ശ്രീ.രാധാകൃഷ്ണൻ നായർ, ശ്രീവിലാസം, മുളയ്ക്കൽ എന്ന വ്യക്തിയുടെ പുരയിടത്തിൽനിന്നും ശ്രീ.ചെറിയാൻ കുന്നംപുറത്ത് എന്നയാളുടെ പുരയിടത്തിലേയ്ക്ക് അപകടകരമാംവിധം നിന്ന മരം വെട്ടിമാറ്റിയതിന് ബിൽനം-171-22/05/17 പ്രകാരം 5900/-രൂപ ചെലവഴിച്ചിട്ടുണ്ട്.

ശ്രീ.രാധാകൃഷ്ണൻ നായർ സ്വന്തം ചെലവിൽ മരം മുറിക്കാൻ വിസമ്മതിച്ചതിനാലാണ് ഇപ്രകാരം തുക നൽകേണ്ടിവന്നത്. പഞ്ചായത്ത് സെക്രട്ടറിയുടെ 27/07/17ലെ എ6-2778/16 നമ്പർ കത്ത് പ്രകാരം ടി തുക 15 ദിവസത്തിനകം തിരിച്ചടക്കണമെന്നും അല്ലാത്ത പക്ഷം റവന്യൂറിക്കവറി നടപടികൾ സ്വീകരിക്കുമെന്നും അറിയിച്ചിരുന്നു. എന്നാൽ നാളിതുവരെ തുക തിരിച്ചടച്ചിട്ടില്ല. ആയതിനാൽ തുക ഈടാക്കുന്നതിനായി റവന്യൂ റിക്കവറി നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മാലിന്യനിർമ്മാർജ്ജനം - സി സി ടി വി ക്യാമറകളുടെ പ്രവർത്തനം ഭാഗികം

പ്രോജക്ട് നം.74/18 പ്രകാരം സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി വികസനഫണ്ടിൽ നിന്ന് 357800/- രൂപ ചെലവഴിച്ച് മാലിന്യനിർമ്മാർജ്ജനത്തിന്റെ ഭാഗമായി പഞ്ചായത്തിന്റെ വിവിധ ജംഗ്ഷനുകളിൽ സ്ഥാപിച്ച 14 സി സി ടി വി ക്യാമറകളിൽ 12 എണ്ണത്തിൽ നിന്നുള്ള ദൃശ്യങ്ങൾ നിലവിൽ പഞ്ചായത്തിൽ ലഭിക്കുന്നുണ്ട്. 2എണ്ണം പ്രവർത്തനരഹിതമാണ്. പഞ്ചായത്തിലും കിടങ്ങൂർ പോലീസ് സ്റ്റേഷനിലും കൺട്രോൾ യൂണിറ്റുകൾ സ്ഥാപിച്ചിട്ടുണ്ട്. എന്നാൽ ഓഫീസ് സമയത്തിനു ശേഷം പഞ്ചായത്തിലെ പവർസപ്ലൈ സിസ്റ്റം ഓഫാക്കുന്നതിനാൽ മോണിറ്റർ പ്രവർത്തനരഹിതമാകുകയും രാത്രിയിലെ ദൃശ്യങ്ങൾ ലഭിക്കാതെ വരികയും ചെയ്യുന്നു.

മാലിന്യനിക്ഷേപം നടത്താൻ കൂടുതൽ സാധ്യതയുള്ള രാത്രികാലങ്ങളിൽ ദൃശ്യങ്ങൾ ലഭിക്കാതെ വരുന്നതിനാൽ പ്രോജക്ടിന്റെ യഥാർത്ഥലക്ഷ്യം കൈവരിക്കാൻ സാധിച്ചിട്ടില്ല.

സിസിടി ക്യാമറകൾ സ്ഥാപിച്ച വിൻപ്ലസ് ട്രേഡിംഗ്, അരീക്കോട്, മലപ്പുറം എന്ന സ്ഥാപനവുമായി ബന്ധപ്പെട്ട് സാങ്കേതികപ്രശ്നം പരിഹരിക്കേണ്ടതാണ്. നിലവിൽ പ്രവർത്തനരഹിതമായ ക്യാമറകൾ കൂടി പ്രവർത്തനക്ഷമമാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 ക്രിമറ്റോറിയം നിർമ്മാണം - സമഗ്രപദ്ധതി നടപ്പാക്കാൻ സാധിച്ചില്ല

പഞ്ചായത്തിന്റെ പന്ത്രണ്ടാം പദ്ധതിക്കാലയളവിലെ സമഗ്രപദ്ധതിയായിരുന്നു സംസ്ഥാന സർക്കാരിന്റെയും മുത്തോലി-കടപ്ലാമറ്റം ഗ്രാമപ്പഞ്ചായത്തുകളുടെയും സഹകരണത്തോടെ നടപ്പാക്കാൻ ലക്ഷ്യമിട്ട ആധുനിക ഗ്യാസ് ക്രിമറ്റോറിയം. പഞ്ചായത്തിൽ ഇപ്പോൾ നിലവിലുള്ള പൊതുശ്മശാനം പരമ്പരാഗതമായ രീതിയിൽ

മണ്ണിൽ കുഴിയെടുത്ത് മൃതദേഹങ്ങൾ സംസ്കരിക്കുന്ന രീതിയിലുള്ളതാണ്. ഇത് നവീകരിച്ച് ശാസ്ത്രീയമായ രീതിയിലുള്ള ഗ്യാസ് ക്രിമറ്റോറിയവും അനുബന്ധ സൗകര്യങ്ങളും ഒരുക്കുന്നതിന് 2014-15 വർഷത്തിൽ സംസ്ഥാനാവിഷ്കൃതഫണ്ട് 20 ലക്ഷം രൂപ ഉൾപ്പടെ 30 ലക്ഷത്തോളം രൂപ വകയിരുത്തി രൂപീകരിച്ച പ്രോജക്ടിന് ശുചിത്വമിഷന്റെ സാങ്കേതികാനുമതിയും ലഭിച്ചിട്ടുണ്ട്. 2017-18വർഷവും 'വിശ്രാന്തി' എന്ന പേരിൽ ശ്മശാന നവീകരണത്തിനായി സെക്രട്ടറി നിർവ്വഹണ ഉദ്യോഗസ്ഥനായി 4 പ്രോജക്ടുകൾ രൂപീകരിച്ചിരുന്നെങ്കിലും ഒരെണ്ണം പോലും നടപ്പാക്കിയില്ല. ശ്മശാനസംരക്ഷണവും നവീകരണവും പഞ്ചായത്തിന്റെ അനിവാര്യചുമതലയിൽപ്പെട്ടതാണ്. എങ്കിലും പ്രോജക്ട് നടപ്പാക്കാത്ത സാഹചര്യം ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയും ഭരണസമിതിയും ശ്രദ്ധിക്കാവുന്നതാണ്. തുടർവർഷങ്ങളിൽ ക്രിമറ്റോറിയം നിർമ്മാണം പൂർത്തീകരിക്കുന്നതിന് മുൻഗണന നൽകി പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കേണ്ടതാണ്.

## **3-6** ബസ് സ്റ്റാന്റിന് സ്ഥലം ഏറ്റെടുക്കൽ- കോടതി ഉത്തരവ് പ്രകാരം തുക നൽകി-ആദായനികുതി ഈടാക്കിയിട്ടില്ല

പ്രോജക്ട് നം.23/18

നിർവ്വഹണ ഉദ്യോഗസ്ഥൻ- സെക്രട്ടറി

അടങ്കൽ – 13 ലക്ഷം (തനതുഫണ്ട്)

ചെലവ് – 13 ലക്ഷം (തനതു ഫണ്ട്)

പഞ്ചായത്തിൽ ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിക്കുന്നതിനായി 2002-03 വർഷം കിടങ്ങൂർ വില്ലേജ് ബ്ലോക്ക് നം.16 റീസർവ്വേ നം.89/6-1ൽപ്പെട്ട 44.86 ആർ പുരയിടം ഏറ്റെടുത്തിരുന്നു. ഒരു ആറിന് 27710രൂപ നിരക്കിലാണ് ലാന്റ് അക്വിസിഷൻ ഓഫീസർ അവാർഡ് നിശ്ചയിച്ചത്. ഇതിനെതിരെ സ്ഥലമുടമകൾ ബഹു.പാലാ സബ്കോടതിയിൽ ഫയൽ ചെയ്ത കേസിൽ ആറിന് 40000 രൂപ നിരക്കിൽ സ്ഥലവില ഉയർത്തി നിശ്ചയിച്ച് ഉത്തരവായി. ഈ തുക ഉൾപ്പെടെ സ്ഥലവിലയും അനുബന്ധചെലവുകളുമായി 2008-09 വരെ 34,76,091 രൂപ ചെലവഴിച്ചിട്ടുണ്ട്.

സ്ഥലവില വീണ്ടും ഉയർത്തി ലഭിക്കുന്നതിനായി ഉടമകളായ തോമസ് പുതുശ്ശേരി, ചിന്നമ്മ തോമസ് എന്നിവർ ബഹു.ഹൈക്കോടതി മുമ്പാകെ കേസ് ഫയൽ ചെയ്യുകയും കോടതിവിധി പ്രകാരം സ്ഥലവില ആറിന് 70000 രൂപയാക്കി ഉയർത്തി നിശ്ചയിക്കുകയും ചെയ്തു. ഇതിൻ പ്രകാരം സ്ഥലവിലയും പലിശയും അനുബന്ധചെലവുകളും ഉൾപ്പെടെ ആകെ 36,50,136 രൂപയാണ് പഞ്ചായത്ത് ഒടുക്കേണ്ടിയിരുന്നത്. ഇതിൽ ആദ്യഗഡുവായി 1345800രൂപയും (ഡി.ഡി

നം.319011/30.4.13), രണ്ടാം ഗഡുവായി 10 ലക്ഷം രൂപയും (ചെക്ക് നം.1311734/15.10.13) മൂന്നാം ഗഡുവായി 5ലക്ഷം രൂപയും (ഡിഡി നം.428124/17.1.14)അവസാനഗഡു 804336രൂപയും (ഡിഡി നം.8061/9.5.14) തനതുഫണ്ടിൽ നിന്ന് നൽകി.

പാലാ ലീഗൽ സർവ്വീസ് അതോറിറ്റിയുടെ ആഭിമുഖ്യത്തിൽ 8.4.17ൽ നടന്ന ലോക്അദാലത്തിൽ ഇപി 60/13 നമ്പർ ഡിക്രി പ്രകാരം കേസ് ഒത്തുതീർപ്പാക്കി. സ്ഥലം ഉടമകളായ ശ്രീ തോമസ് പുതുശ്ശേരിലിന് 870000 രൂപയും ശ്രീമതി ചിന്നമ്മ തോമസിന് വേണ്ടി പവർ ഓഫ് അറ്റോർണിയ്ക്ക് 430000 രൂപയും നൽകുന്നതിനും ടി തുകയിൽ നിന്ന് ആദായനികുതിയിനത്തിൽ 700378 ഈടാക്കുന്നതിനും നിർദ്ദേശം നൽകി. ഉടമസ്ഥർ തുക കൈപ്പറ്റാതെ വന്നതിനാൽ വിധി തുകയായ 13ലക്ഷം രൂപയും ആദായനികുതി പിടിക്കാതെ കോടതിയിൽ സമർപ്പിച്ചു. യഥാർത്ഥത്തിൽ ആദായനികുതി റ്റി ഡി എസ് മുഖേന കേന്ദ്രസർക്കാരിലേയ്ക്ക് അടയ്ക്കുകയും ഉടമകൾക്ക് അവകാശപ്പെട്ട തുക കോടതിയിൽ സമർപ്പിക്കുകയുമായിരുന്നു ചെയ്യേണ്ടിയിരുന്നത്. നിലവിൽ കോടതിയുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 ബാരൽ വില ഈടാക്കിയിട്ടില്ല

അസി.എഞ്ചിനീയർ നടപ്പാക്കിയ റോഡ് ടാറിംഗ്/റീടാറിംഗ് പ്രവൃത്തികളുടെ ബില്ലിൽ നിന്ന് കാലിബാരലിന്റെ വില ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ടിന്റെ വിവരങ്ങൾ | വേലമൂല്യം/കരാറുകാരന്റ പേര് |
|---|---|
| നം.86/18<br>സെന്റ് ജോസഫ് യു പി സ്കൂൾ സ്നേഹാശ്രമം റോഡ് റീടാറിംഗ് | 90907<br>മാത്തച്ചൻ എം വടാന |
| 96/18<br>കുമ്മണ്ണൂർ പമ്പ്ഹൗസ് റോഡ് റീടാറിംഗ് | 198932<br>ടി |
| 97/18<br>കറുത്തേടത്ത് കടവ് റോഡ് റീടാറിംഗ് | 181806<br>ടി |
| 89/18<br>മൂഴിക്കൽകടവ് റോഡ് റീടാറിംഗ് | 81752<br>ടി |

| | |
|---|---|
| 39/18<br>സി എസ് ഐ പള്ളി മുട്ടത്തിൽപ്പടി റോഡ് റീടാറിംഗ് | 73632<br>ടി |
| 85/18<br>പുറത്തേപ്പടി കല്ലടപ്പടി റോഡ് | 153458<br>ടി |
| 145/18<br>കിഴക്കേക്കൂടല്ലൂർ തറപ്പേൽപ്പടി റോഡ് റീടാറിംഗ് | 321807<br>ടി |
| 101/18<br>കള്ളിക്കാട്ട് റോഡ് ടാറിംഗ് | 83929<br>റോയി എബ്രഹാം |
| 90/18<br>കുളത്തിപ്പടി വാട്ടർടാങ്ക് പടി റീടാറിംഗ് | 81541<br>ടി |
| 87/18<br>മംഗളാരാം വാലേപ്പടി റോഡ് റീടാറിംഗ് | 89779<br>ടി |
| 131/18<br>ആയംകുടി വട്ടുകുളങ്ങര റോഡ് റീടാറിംഗ് | 204124<br>ടി |
| 99/18<br>കുമ്മണ്ണൂർ വെട്ടവേലിപ്പടി റോഡ് റീടാറിംഗ് | 63624<br>ടി |

ബാരൽ വില കരാറുകാരിൽ നിന്ന് ഈടാക്കി അതതുഫണ്ടിൽ ഒടുക്കു വരുത്തേണ്ടതാണ്.

## 3-8 കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിയ്ക്ക് വിദ്യാഭ്യാസധനസഹായം

പ്രോജക്ട് നം.62/18

ചെലവ് - 80000(ടിഎസ് പി ഫണ്ട്)

ബിൽ നം.9/19.2.18

സ്കൂൾ ഹെഡ്മിസ്ട്രസ് നടപ്പാക്കിയ പട്ടികജാതി വിദ്യാർത്ഥികൾക്ക് ധനസഹായം

എന്ന പ്രോജക്റ്റ് പ്രകാരം 15000 രൂപ വീതം രണ്ട് വിദ്യാർത്ഥികൾക്കും 50000 രൂപ ഒരാൾക്കും നൽകിയിട്ടുണ്ട്. ഇതിൽ 15000 രൂപ കൈപ്പറ്റിയ ആര്യമോൾ, മഞ്ഞാരത്തിൽ എന്ന ഗുണഭോക്താവ് പത്തനംതിട്ട എസ് എം ഇയിൽ നിന്ന് Bsc നഴ്സിംഗ് കോഴ്സ് പൂർത്തീകരിച്ചതായാണ് പ്രിൻസിപ്പൽ നൽകിയ സാക്ഷ്യപത്രത്തിൽ പറയുന്നത്. കോഴ്സ് പൂർത്തീകരിച്ച വിദ്യാർത്ഥിയ്ക്ക് വിദ്യാഭ്യാസ ധനസഹായത്തിന് അർഹതയില്ല. അർഹത പരിശോധിച്ച് ബോധ്യപ്പെട്ടതിനു ശേഷം മാത്രം ഗുണഭോക്താക്കളെ നിശ്ചയിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-9 പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം മാതൃകാപരം

ഗ്രാമപ്പഞ്ചായത്തിൽ പാലിയേറ്റീവ് കെയർ യൂണിറ്റിന്റെ പ്രവർത്തനം മാതൃകാപരമാണ്. പൊതുജനപങ്കാളിത്തത്തോടു കൂടിയാണ് യൂണിറ്റ് പ്രവർത്തിക്കുന്നത്. ഹോം കെയർ ടീമിൽ സന്നദ്ധപ്രവർത്തകർ, നഴ്സിംഗ് കോളേജ് വിദ്യാർത്ഥികൾ, സ്കൗട്ട്/ഗൈഡ് വിദ്യാർത്ഥികൾ തുടങ്ങിയവരും പങ്കെടുക്കുന്നുണ്ട്. പി കെ വി ലൈബ്രറി, ലയൺസ് ക്ലബ്ബ്, റസിഡൻസ് അസോസിയേഷനുകൾ, വിവിധ സംഘടനകൾ തുടങ്ങിയവയിൽ നിന്ന് സംഭാവനകളും സഹായങ്ങളും ലഭിച്ചുവരുന്നു. സംഭാവനകൾ രസീതു മുഖേന സ്വീകരിക്കുകയും വരവുചെലവ് കണക്കുകൾ കൃത്യമായി എഴുതി സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. അർഹരായ കിടപ്പുരോഗികൾക്ക് മാനേജ്മെന്റ് കമ്മിറ്റിയുടെ ശുപാർശയോടെ ധനസഹായം നൽകുന്നുണ്ട്. കൃത്യമായ ഇടവേളകളിൽ മാനേജ്മെന്റ് കമ്മിറ്റികൾ കൂടുകയും പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്.

## 3-10 വൃദ്ധജനങ്ങൾക്കുള്ള പോഷണസപ്ലിമെന്റ് പദ്ധതി - വിതരണവിവരങ്ങൾ ലഭ്യമല്ല

പ്രോജക്റ്റ് നം. 64/18

നിർവ്വഹണ ഉദ്യോഗസ്ഥൻ-മെഡിക്കൽ ഓഫീസർ-സി.എച്ച്.സി.

അടങ്കൽ- 262400

ചെലവ് - 250418 (ബിൽ നം.12/22.3.18)

സ്രോതസ്സ് – വികസനഫണ്ട്

65 വയസ്സിനു മുകളിൽ പ്രായമുള്ള വൃദ്ധജനങ്ങൾക്ക് പോഷകാഹാരം പ്രോട്ടീൻ പൗഡർ എന്നിവ നൽകുന്നതിന് ഉദ്ദേശിച്ചുള്ളതാണ് പ്രോജക്റ്റ്. ഇതിന്റെ ഭാഗമായി കിടങ്ങൂർ സപ്ലൈകോ സൂപ്പർമാർക്കറ്റിൽ നിന്ന് 142 കി.ഗ്രാം വീതം ചെറുപയർ, ഉഴുന്ന്, കടല, വൻപയർ തുടങ്ങിയ ധാന്യങ്ങളും ഈന്തപ്പഴം, ഓട്സ് തുടങ്ങിയവയും വാങ്ങിയ ഇനത്തിൽ സ്ഥാപനത്തിന് 183186 രൂപ നൽകിയിട്ടുണ്ട്. നീതി

മെഡിക്കൽ സ്റ്റോറിൽ നിന്ന് പ്രോട്ടീൻപൗഡർ 171എണ്ണം വാങ്ങി 67232 രൂപ നൽകിയിട്ടുണ്ട്. തുക പൂർണ്ണമായും ചെലവഴിച്ചിട്ടുണ്ടെങ്കിലും വാങ്ങിയ സാധനങ്ങൾ സ്റ്റോക്കിലെടുത്തതിന്റെയോ, വിതരണം ചെയ്തതിന്റെയോ രേഖകൾ പരിശോധനയ്ക്ക് ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിൽ മേൽ പ്രോജക്ടിനായുള്ള 250418 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ടിന്റെ വിനിയോഗം

ഗ്രാമപഞ്ചായത്തിന് 2017-18 വർഷം സംയുക്ത പ്രോജക്ടുകൾക്കായി ജില്ല പഞ്ചായത്തിൽ നിന്നും 10.15 ലക്ഷം രൂപയും ബ്ലോക്ക് പഞ്ചായത്തിൽ നിന്നും 13.92ലക്ഷം രൂപയും ഉൾപ്പടെ 24.07 ലക്ഷം രൂപ ലഭിച്ചിട്ടുണ്ട്. സംയുക്ത പ്രോജക്ടിനായി ലഭിച്ച ഫണ്ടിന്റെ വിനിമയത്തിന്റെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| വിഹിതം നൽകിയ സ്ഥാപനം | പ്രോജക്ടിന്റെ പേര് (പ്രോജക്ട് നം.) | ലഭിച്ച തുക | തുക ലഭിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കോട്ടയം ജില്ല പഞ്ചായത്ത് | വീട് വാസയോഗ്യമാക്കൽ (എസ്.സി.പി) (197/18) | 450,000/- | 31.03.2018 | 0 | 450,000/- |
| | ലൈഫ് മിഷൻ-രണ്ടാം ഘട്ടം ഭൂമിയുള്ള ഭവനരഹിതർ-പട്ടികജാതി (243/18) | 365,000/- | 31.03.2018 | 0 | 365,000/- |
| | ദിയ-ഭിന്നശേഷിയുള്ളവർക്ക് പഠന സഹായം(14/18) | 200,000/- | 23.10.2017 | 200,000/- | 0 |
| ആകെ ജില്ല പഞ്ചായത്ത് വിഹിതം | | 1,015,000/- | - | 200,000/- | 815,000/- |
| ബ്ലോക്ക് പഞ്ചായത്ത് | ജലസമൃദ്ധി കിണർ റീചാർജിങ്ങ് (42/18) | 100,000/- | 31.03.2018 | 80,800/- | 19,200/- |
| | ലൈഫ് മിഷൻ – പൂർത്തീകരിക്കാത്ത വീടുകൾക്ക് ധനസഹായം (220/18) | 492,000/- | 31.03.2018 | 370,000/- | 122000 |

| | | | | | |
|---|---|---|---|---|---|
| | സാന്ത്വനം-പാലിയേറ്റീവ് പരിചരണ പദ്ധതി(50/18) | 200,000/- | 31.03.2018 | 100,000/- | 100,000/- |
| | ദിയ-ഭിന്നശേഷിയുള്ളവർക്ക് പഠനസഹായം (14/18) | 200,000/- | 31.03.2018 | 200,000/- | ഇല്ല |
| | സമഗ്ര നെൽകൃഷി വികസനം (40/18) | 400,000/- | 31.03.2018 | ഇല്ല | 400,000/- |

ബ്ലോക്ക് പഞ്ചായത്ത് വിഹിതം ചെലവുകൾ ധനകാര്യ പത്രിക പ്രകാരമുള്ളത് സുലേഖ ചെലവുപത്രികയിലെ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

ധനകാര്യ വകുപ്പിന്റെ 23.01.2017 ലെ ജി.ഒ(പി)നം.7/2017/ധന ഉത്തരവിലെ നിർദ്ദേശങ്ങൾ പ്രകാരം പഞ്ചായത്തിന് സംയുക്ത പ്രോജക്ടുകൾക്ക് ലഭിക്കുന്ന ഫണ്ട് നിക്ഷേപിക്കുന്നതിന് പ്രത്യേക ട്രഷറി അക്കൗണ്ട് സൂക്ഷിച്ചിട്ടുണ്ട്. പ്രസ്തുത ട്രഷറി അക്കൗണ്ടിൽ ഐ.സി.ഡി.എസ്. ബ്ലോക്ക് വിഹിതവും നിക്ഷേപിക്കുന്നതിനാൽ സംയുക്തപ്രോജക്ട് പഞ്ചായത്ത് ഫണ്ടിലെ നീക്കിയിരിപ്പ് ട്രഷറി അക്കൗണ്ടിലെ നീക്കിയിരിപ്പുമായി പൊരുത്തപ്പെടുന്നില്ല.

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഗ്രാമപഞ്ചായത്ത് 2017-18 വർഷത്തിൽ ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി ജല അതോറിറ്റിയിലും കെ.എസ്.ഇ.ബി. യിലും സെക്രട്ടറി നടപ്പാക്കിയ പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിച്ചിട്ടുണ്ട്. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് (പ്രോജക്ട് നം.) | നിക്ഷേപിച്ച തുക | നിക്ഷേപിച്ച തീയതി | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ജല അതോറിറ്റി | കുരിശുപള്ളി പോളയ്ക്കൽപടി, കുരിശുപള്ളി താഴത്ത്മങ്ങാട്ട് പൈപ്പ് ലൈൻ ദീർഘിപ്പിക്കൽ (223/18) | 144,000/- | 30.01.2018 | ഇല്ല | 144,000/- |
| KSEB | പത്താം വാർഡിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ-മീറ്റർ ഘടിപ്പിക്കൽ, സൂപ്പർവിഷൻ ചാർജ് (222/18) | 37,961/- | 30.01.2018 | ഇല്ല | 37,961/- |
| | വിവിധ വാർഡുകളിൽ സ്ട്രീറ്റ് മെയിൻ ദീർഘിപ്പിക്കൽ | 703,332/- | 28.07.2017 | ഇല്ല | 703,332/- |

| | | | | | |
|---|---|---|---|---|---|
| | (201/18) | | | | |
| | 10,15 വാർഡുകളിലെ വിവിധ ഭാഗങ്ങളിൽ സ്ട്രീറ്റ് മെയിൻ വലിക്കൽ (241/18) | 415,900/- | 26.03.2018 | ഇല്ല | 415,900/- |
| | | | | | 1,157,193/- |
| ആകെ | | 1,301,193/- | | ഇല്ല | 1,301,193/- |

KSEB യിൽ നിക്ഷേപിച്ച 1,157,191/- രൂപയിൽ 1,119,232/- രൂപ 410600102-Electricity-Line Extension എന്ന ശീർഷകത്തിൽ ആസ്തിയായും 37,961/- രൂപ റവന്യൂ ചെലവായും അക്കൗണ്ട് ചെയ്തിരിക്കുന്നു. ജല അതോറിറ്റിയിൽ നിക്ഷേപിച്ച 144,000/- രൂപ 410400103-Drinking Water-Pipelines ശീർഷകത്തിൽ ആസ്തിയായി അക്കൗണ്ട് ചെയ്തിരിക്കുന്നു. നിർവ്വഹണ ഏജൻസികളിൽ തുക നിക്ഷേപിക്കുമ്പോൾ ഡെപ്പോസിറ്റ് ശീർഷകത്തിൽ അക്കൗണ്ട് ചെയ്യേണ്ടതായിരുന്നു. വിനിയോഗ സാക്ഷ്യപത്രം 2018-19 വർഷം ലഭ്യമായിട്ടുണ്ട്. അക്കൗണ്ടിങ്ങിലെ അപാകത തുടർവർഷം ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഓഡിറ്റ് വർഷം മരാമത്ത് പ്രവൃത്തികൾക്ക് മൊബിലൈസേഷൻ അഡ്വാൻസായി ഗുണഭോക്തൃ സമിതികൾക്ക് തുകയൊന്നും നൽകിയിട്ടില്ല.

## 4-4 വായ്പ/വായ്പ തിരിച്ചടവ്

2017-18 വർഷം പഞ്ചായത്ത് ഫണ്ടിലേക്ക് വായ്പയിനത്തിൽ തുകയൊന്നും പഞ്ചായത്ത് ഫണ്ടിലേക്ക് എടുത്തിട്ടില്ല. വായ്പ തിരിച്ചടവിന്റെ വിശദാംശം ചുവടെ ചേർക്കുന്നു.

| വായ്പയുടെ പേര് | ഉത്തരവ് നമ്പർ | വായ്പ അക്കൗണ്ട് നം./ബാങ്ക് | വായ്പാ തുക | വർഷാരംഭത്തിൽ തിരിച്ചടക്കാൻ ബാക്കിയുള്ളത് | തൻവർഷം തിരിച്ചടച്ച തുക (മുതൽ) | ബാലൻസ് |
|---|---|---|---|---|---|---|
| ഇ.എം.എസ് ഭവനപദ്ധതി | ജി.ഒ(എം.എസ്) 823/10/lsgd | 0144400 000001 കിടങ്ങൂർ | 8,690,000/- | 1,703,742/- | 963,150/- | 740,592/- |

| | | | | | | | |
|---|---|---|---|---|---|---|---|
| | 11.3.10 | സർവ്വീസ് സഹകരണ ബാങ്ക് | | | | | |

സെക്രട്ടറി നടപ്പാക്കിയ 4/18 നം. പ്രോജക്റ്റ് മുഖേനയോണ് വായ്പ തിരിച്ചടവ് നടത്തിയിട്ടുള്ളത്. 31.03.2018 തീയതി വരെയുള്ള പലിശയിനത്തിലുള്ള 502,218/- രൂപ സർക്കാരിൽ നിന്നും ലഭ്യമാകാൻ അവശേഷിക്കുന്നുണ്ട് (ലോൺ അക്കൗണ്ട് സ്റ്റേറ്റ്മെന്റ് പ്രകാരം).

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ധനകാര്യ പത്രികയുടെ ഭാഗമായ 31.03.2018-ലെ ബാലൻസ് ഷീറ്റ് പ്രകാരമുള്ള സ്ഥിരനിക്ഷേപത്തിന്റെ വിവരം ചുവടെ ചേർക്കുന്നു.

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 541,216/- |
| തൻവർഷം നിക്ഷേപിച്ച തുക | 56,967/-(പലിശ) |
| ആകെ | 598,183/- |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 598.183/- |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | തുക |
|---|---|
| നമ്പർ 4675401000085/3തീയതി 10.6.15, കാനറാ ബാങ്ക്, കിടങ്ങൂർ | 598,183/- |

എന്നാൽ തൻവർഷം പലിശ അക്കൗണ്ട് ചെയ്തതിലെ അപാകത മൂലം 31.03.2018-ൽ ബി-12 ഷെഡ്യൂളിൽ 420800101-Investments-Fixed Deposits ശീർഷകത്തിൽ 616,225/- രൂപയുടെ നീക്കിയിരിപ്പ് കാണുന്നു. നീക്കിയിരിപ്പ് കൃത്യമാക്കി അപാകത പരിഹരിക്കേണ്ടതാണ്.

## 4-6 ഓഡിറ്റ് റിക്കവറി

2017-18 റസീപ്റ്റ് & പേയ്മെന്റ് പത്രികയിൽ ഓഡിറ്റ് റിക്കവറിയിനത്തിൽ തുകയൊന്നും ഈടാക്കിയതായി കാണുന്നില്ല. ഓഡിറ്റ് റിക്കവറി രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല.
ഓഡിറ്റ് റിക്കവറി രജിസ്റ്റർ തയ്യാറാക്കി ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡികയിലെ നിർദ്ദേശപ്രകാരം അടവാക്കുന്ന തുകയുടെ വിശദാംശങ്ങൾ (ഖണ്ഡിക നം., ഓഡിറ്റ് വർഷം, തുക ഒടുക്കിയ വ്യക്തി/സ്ഥാപനത്തിന്റെ പേര്, തുക ഒടുക്കിയ രസീത് നം./തീയതി തുടങ്ങിയവ) പ്രസ്തുത രജിസ്റ്ററിൽ രേഖപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. ഓരോ സാമ്പത്തികവർഷത്തെ കണക്കുകളുടെ സംക്ഷിപ്തവും തയ്യാറാക്കേണ്ടതാണ്.

## **4-7** സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശം ചുവടെ ചേർക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2007-08 | 3-3 | 2010-11 | 5-3-6(1) | ബസ് സ്റ്റാന്റ് കം ഷോപ്പിംഗ് കോംപ്ലക്സ് ഭൂമി വാങ്ങിയെങ്കിലും ലക്ഷ്യം കൈവരിച്ചില്ല. | ഷോപ്പിംഗ് കോംപ്ലക്സ് ആരംഭിക്കുവാനുള്ള ഡിസൈൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറായിട്ടുണ്ട്. |

സമാഹൃത ഓഡിറ്റ് റിപ്പോർട്ടിൽ ഉൾപ്പെട്ട മേൽപറഞ്ഞ ഓഡിറ്റ് ഖണ്ഡികയിലെ വിഷയം നിയമസഭാസമിതി നാളിതുവരെ പരിഗണിച്ചിട്ടില്ല.

## **4-8** ചാർജ്/സർചാർജ് നടപടികളുടെ വിവരം

കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ മുൻവർഷങ്ങളിലെ ഓഡിറ്റ് റിപ്പോർട്ടുകളിൽ 1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 16-ാം വകുപ്പ്, 1996-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം-20 എന്നിവ പ്രകാരമുള്ള ചാർജ്-സർച്ചാർജ് നടപടികൾ നിലവിൽ തുടരുന്ന ഖണ്ഡികകൾ ഇല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് (മുന്നിരിപ്പ് ഉൾപ്പടെ) | 74580608.98 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 57,998,919/- |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 250,418/- |

(ബി)പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക (രൂപ) | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-10 | 250,418/- | ഡോ. സിജി വർഗ്ഗീസ്, മെഡിക്കൽ ഓഫീസർ –സി.എച്ച്.സി. |

| | |
|---|---|
| ആകെ | 250,418/- |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഖണ്ഡിക 3-6 ആദായനികുതിയിനത്തിൽ 700378/- രൂപ

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഖണ്ഡിക 2-1-1, 2-1-2, 2-5

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

ഇല്ല

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിൽ നിന്നും മുൻവർഷങ്ങളിൽ പുറപ്പെടുവിച്ച ഓഡിറ്റ് റിപ്പോർട്ടുകളിൽ 31.12.2018 തീയതി വരെ തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെയും പ്രസ്തുത റിപ്പോർട്ടുകൾ സംബന്ധിച്ച് അവസാനമായി പുറപ്പെടുവിച്ച അനന്തരക്കുറിപ്പ്/റിപ്പോർട്ട്, തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർത്തിരിക്കുന്നു.

| റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 2006-07 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(2)/18 /20.02.2018 | 1 |
| 2007-08 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(3)/18 /20.02.2018 | 1 |
| 2008-09 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(4)/18 /20.02.2018 | 1 |
| 2009-10 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(5)/18 /20.02.2018 | 4 |
| 2010-11 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(6)/18 /20.02.2018 | 3 |

| | | |
|---|---|---|
| 2011-12 | കെ.എസ്.എ.-കെ.ടി.എം.പി13/അദാ-2018/57(7)/18 /20.02.2018 | 2 |
| 2012-13 | കെ.എസ്.എ.-കെ.ടി.എം.പി12/1943/16/ 30.03.2017 | 7 |
| 2013-14 | കെ.എസ്.എ.-കെ.ടി.എം.പി12/619/16/ 19.08.2016/23.08.2016 | 2 |
| 2014-15 | കെ.എസ്.എ.-കെ.ടി.എം.പി12/693/16/ 03.06.2016/14.06.2016 | 26 |
| 2015-16 | കെ.എസ്.എ.-കെ.ടി.എം.പി13-1508/16/ 03.05.2017 | 15 |
| 2016-17 | കെ.എസ്.എ.-കെ.ടി.എം.പി13-1461/17/ 23.01.2018 | 9 |

അവശേഷിക്കുന്ന ഖണ്ഡികകൾക്ക് വ്യക്തമായ മറുപടി അനുബന്ധരേഖകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് ഉൾപ്പടെ ഓഡിറ്റിൽ ഹാജരാക്കി ഖണ്ഡിക തീർപ്പാക്കുന്നതിന് അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ.)
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം

# അനുബന്ധം-1

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

നം.കെ.എസ്.എ-കെ.ടി.എം.പി13-195/2019 കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം
ഫോൺ: 04812564886
ഇ-മെയിൽ: doktm.ksad@kerala.gov.in
തീയതി: 20/02/2019

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215- വകുപ്പ്, ഇവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ കിടങ്ങൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 ലെ വാർഷിക ധനകാര്യ പത്രിക വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ **(ഹ.ഗ്രേ.)**
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം-കോട്ടയം